بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 7

ലക്കം 47-48

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 നവം:24 – ഡിസം:1 •ഹി. ശം.1401 നുബു:24: ഫത്ഹ് 1 •ഹിജ്റ 1444 റബി: ആഖർ 28 ജമാ:അവ്വൽ 6

## അല്ലാഹുവിന്റെ വചനം

وَلَوۡ تَرٰۤی اِذۡ وُقِفُوۡا عَلَی النَّارِ فَقَالُوۡا یٰلَیۡتَنَا نُرَدُّ وَلَا نُکَذِّبَ بِاٰیٰتِ رَبِّنَا وَنَکُوۡنَ مِنَ الۡمُؤۡمِنِیۡنَ ○

(الاعراف:28)

'അവർ നരകത്തിന്റെ മുമ്പിൽ നിറുത്തപ്പെടുമ്പോഴത്തെ അവസ്ഥ നീ കാണുകയാണെങ്കിൽ! അപ്പോൾ അവർ പറയും: 'അഹോ കഷ്ടം, ഞങ്ങൾ ഇഹലോകത്ത് തിരിച്ചയക്കപ്പെടുകയും ഞങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ നിഷേധിക്കാതിരിക്കുകയും, ഞങ്ങൾ വിശ്വാസികളിൽപ്പെട്ടവരാകുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ!'(6:28)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ഏറ്റവും ഉത്തമൻ കടം നന്നായി വീട്ടുന്നവനാണ്.

(2305) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനിക്ക് ഒരു മനുഷ്യന് ഒരു ഒട്ടകത്തെ നല്കാനുണ്ടായിരുന്നു. അത് ആവശ്യപ്പെട്ടുകൊണ്ട് അയാൾ നബി(സ)തിരുമേനിയുടെ അടുത്തു വന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ അദ്ദേഹത്തിന് അതിനെ നല്കുവിൻ. അവർ നബി(സ)തിരുമേനി കടം വാങ്ങിയതുപോലുള്ള ഒട്ടകത്തെ അന്വേഷിച്ചു. എന്നാൽ, അതിനെക്കാൾ ഉത്തമമായതാണ് അവർ കണ്ടെത്തിയത്. നബി(സ) പറഞ്ഞു: നിങ്ങൾ അത് അദ്ദേഹത്തിന് നല്കുവിൻ. അദ്ദേഹം പറഞ്ഞു: താങ്കൾ എനിക്ക് (എന്റെ അവകാശത്തെക്കാൾ)അധികം തന്നു. അല്ലാഹു താങ്കൾക്കും അധികമാക്കിത്തരട്ടെ. നബി(സ)തിരുമേനി പറഞ്ഞു:നിങ്ങളിൽ ഏറ്റവും ഉത്തമൻ കടം നന്നായി വീട്ടുന്നവനാണ്.

(വ്യാഖ്യാനം) ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ്(റ) പറയുന്നു: നബി(സ)തിരുമേനിയുടെ വക്കീൽ അവിടന്ന് കൊടുക്കാനുള്ള കടത്തിന്റെ ഉത്തരവാദിത്വം നിറവേറ്റി. ചില നേരങ്ങളിൽ മനുഷ്യന് ഏതെങ്കിലും സ്ഥലത്തെത്തിയാൽ സ്വന്തം ജോലി ചെയ്യാൻ സാധിക്കുകയില്ല. അപ്പോൾ വക്കീലിനെ ആശ്രയിക്കേണ്ടിവരുന്നു. ചില നേരങ്ങളിൽ സ്വന്തം സ്ഥലത്തും വക്കീലിനെ ആശ്രയിക്കേണ്ടിവരും. രണ്ടു അവസ്ഥകളിലും വക്കീലിനെ വെക്കാൻ അനുവദനീയമായ അവസ്ഥയുണ്ട്.

ജംഹൂറിന്റെ അഭിപ്രായത്തിൽ കാര്യങ്ങളിൽ വക്കാലത്ത് വെക്കുന്നത് അനുവദനീയമാണ്. അബൂഹനീഫയുടെ അഭിപ്രായത്തിൽ തന്റെ സ്വന്തം നഗരത്തിനുള്ളിലുണ്ടെങ്കിൽ, തന്റെ സാന്നിധ്യത്തിൽ വക്കീലിനെ വെക്കാൻ പറ്റുകയില്ല; അയാൾ യാത്രയിലാകുകയോ രോഗിയാകുകയോ ചെയ്താലൊഴികെ. (ബുഖാരി വാല്യം 4, കിതാബുൽ വക്കാലത്ത് പ്രസാധനം 2008, ഖാദിയാൻ)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

## ലോകാവസാനംവരേക്കുമുള്ള ജനസഞ്ചയത്തിന് ജീവനുള്ള റസൂൽ മുഹമ്മദു റസൂലുല്ലാഹ് (സ)മാത്രമാണ്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അജ്ഞരും ദോഷം ആഗ്രഹിക്കുന്നവരുമായ എതിരാളികൾ ഈ അറിവിൽ ഒരിക്കലും ചിന്തിച്ചിട്ടില്ല. അവർ നബി(സ)തിരുമേനിയുടെ അമാനുഷികപ്രവർത്തികളുടെ മേൽ ആക്ഷേപമുന്നയിച്ചു. എന്നാൽ, ഖേദകരമെന്നു പറയട്ടെ, ആ കണ്ണടച്ച് ആക്ഷേപമുന്നയിക്കുന്നവർക്ക് എത്രത്തോളം ദിവ്യാത്ഭുതങ്ങളാണോ നമ്മുടെ നബി(സ) തിരുമേനിയിൽനിന്ന് പ്രകടമായത്, ലോകത്തുവന്ന സകല പ്രവാചകന്മാരുടേയും ദിവ്യാത്ഭുതങ്ങളും അതിനെതിരിൽവെച്ചാലും ഞാൻ ഈമാനോടുകൂടി പറയുന്നു, നമ്മുടെ നബി(സ)തിരുമേനിയുടെ ദിവ്യാത്ഭുതങ്ങൾ അതിനെക്കാളൊക്കെ മികച്ചതായി സ്ഥാപി തമാകുന്നതായിരിക്കും. വിശേഷിച്ച് നബി(സ)തിരുമേനിയുടെ പ്രവചനങ്ങൾകൊണ്ട് വിശുദ്ധ ഖുർആൻ നിറഞ്ഞുകിടക്കുമ്പോൾ! ഖിയാമത്തുവരെ എന്നല്ല അതിനുശേഷംവരെയുള്ള പ്രവചനങ്ങൾ അതിലുണ്ട്. നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുടെ ഏറ്റവും വലിയ തെളിവ് എല്ലാ കാലത്തും ആ പ്രവചനങ്ങൾക്ക് ജീവസുറ്റ തെളിവു നല്കുന്ന കാര്യങ്ങൾ അതിലുണ്ടെന്നതാണ്. എങ്ങനെയെന്നാൽ, പ്രവചനങ്ങളു ടെ മഹത്തായ അടയാളം എനിക്കു നല്കി. യാഥാർഥ്യങ്ങൾ അറിയാത്തവർക്കും ഈശ്വരീയ ജ്ഞാനങ്ങളിൽനിന്ന് അജ്ഞരായിട്ടുള്ളവർക്കും നമ്മുടെ നബിസ)തിരുമേനിയുടെ അമാനുഷികദൃഷ്ടാന്തങ്ങൾ എത്രമാത്രം സ്ഥിരപ്രതിഷ്ഠവും അനശ്വരവുമാണെന്ന് കാണിക്കുന്നതിന് ഇക്കാലത്ത് അല്ലാഹു എന്നെ അടയാളമെന്നോണം എഴുന്നേല്പിച്ചു നിറുത്തി. (മൽഫൂദാത്ത് വാല്യം 1, പേജ് 373, പ്രസാധനം 2003 ഖാദിയാൻ)

## 'നബി ദൈവാനുഗ്രഹത്താൽ നിഷ്കളങ്കനാകുന്നു. അപ്പോൾപ്പിന്നെ നബി റബ്ബനഗ്ഫിർലീ (എനിക്കു പൊറുത്തുതരേണമേ)എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണ്? മുഅ്മിനിന്റെ വിവിധ ദർജകളുടെ അടിസ്ഥാനത്തിൽ ഇഗ്ഫിർലീ എന്നതിന്റെ വ്യത്യസ്ത അർഥങ്ങൾ

സൂറ ഇബ്റാഹീമിലെ 42-ാം വചനമായ **റബ്ബനഗ്ഫിർലീ വലിവാലിദയ്യ വലിൽമുഅ്മിനീന യൗമ യഖൂമുൽഹിസാബു** (*ഞങ്ങളുടെ നാഥാ!എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും വിചാരണ നിലവിൽവരുന്ന നാളിൽ പൊറുത്തുതരേണമേ*)എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

'നബി ദൈവനുഗ്രഹത്താൽ നിഷ്കളങ്കനാകുന്നു. അപ്പോൾപ്പിന്നെ നബി റബ്ബനഗ്ഫിർലീ (എനിക്കു പൊറുത്തു തരേണമേ) എന്നു പറയുന്നതിന്റെ ഉദ്ദേശ്യമെന്താണ്? യഥാർഥത്തിൽ ദൈവജ്ഞാനമില്ലാത്തവന്റെ ദൃഷ്ടി പരിമിതമായിരിക്കും. അവന്റെ ദൃഷ്ടി മനുഷ്യൻവരെ മാത്രമെ പോകുകയുള്ളു. മനുഷ്യൻവരെ മാത്രമെ തൃപ്തി പ്രാപിക്കുകയുമുള്ളു. എന്നാൽ, ആരിഫിന്റെ(ദൈവത്തെ തിരിച്ചറിഞ്ഞവന്റെ) ദൃഷ്ടി മുകളിലേക്കുപോകുന്നു. ഉയർന്നുയർന്നു പോകുന്നു. അല്ലാഹുവിനെ അപേക്ഷിച്ച് മനുഷ്യന് എന്തു വിലയാണുള്ളതെന്ന് അവനറിയുന്നു. സൂര്യനുമുമ്പിൽ ഒരു കിരണത്തിന് എന്തുപ്രസക്തിയാണുള്ളത്? കാരണം എന്തായാലും മനുഷ്യൻ അവന്റെ സൃഷ്ടിയാണല്ലോ? അവന്റെ ജീവിതവും അല്ലാഹു പ്രദാനം ചെയ്തിട്ടുള്ളതാണ്. ഗാലിബ് എത്രമനോഹരമായിട്ടാണ് പറഞ്ഞിട്ടുള്ളത്!

**ജാൻ ദീ ദീ ഹുഇ ഉസൂക്കി ഥീ**
**ഹഖ് തൊ യെ ഹെ കെ**
**ഹഖ് അദാ ന ഹുവാ**

*അവൻ തന്നതായിരുന്നു ജീവൻ. ഹഖ്(കടമ)നിറവേറ്റപ്പെട്ടില്ല എന്നതാണ് യാഥാർഥ്യം.*

അതിനാൽ നബി ദൈവജ്ഞാനിയായതുകൊണ്ട് അവൻ തന്റെ അസ്തിത്വം നോക്കുന്നു. താനെന്തൊന്നാണോ ചെയ്തുകൊണ്ടിരിക്കുന്നത് അത് താനല്ല അല്ലാഹുവാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവനറിയുന്നു. അതുകൊണ്ട് അവൻ ദുആ ചെയ്യുന്നു:അല്ലാഹുവേ! എന്റെ അസ്തിത്വത്തെ അധികമധികം മറച്ചുവെച്ചാലും. നിന്റെ അസ്തിത്വത്തെ കൂടുതൽക്കൂടുതൽ പ്രകടിപ്പിച്ചാലും. ഈ രീതിയിൽ അപ്പോൾ ഇഗ്ഫിർലീ എന്നതിന്റെ അർഥം അല്ലാഹുവേ! നിനക്ക് എന്നോടുള്ള സ്നേഹത്തിന്റെ ബന്ധമാണുള്ളത്. നിന്റെ പർദ എന്നിലിട്ടാലും. അതായത് തന്റെ അസ്തിത്വത്തെ വിപാടനം ചെയ്ത് നിന്റെ അസ്തിത്വത്തെ ഞാൻ മുഖന പ്രകടിപ്പിച്ചാലും. മനുഷ്യൻ മുഖേന എത്രത്തോളം അല്ലാഹുവിന്റെ അസ്തിത്വം പ്രകടമാകുന്നുവോ അത്രത്തോളം അല്ലാഹുവിന്റെ അസ്തിത്വം വെളിപ്പെടുന്നതായിരിക്കും. അത്രത്തോളം അവൻ തന്റെ സദുദ്ദേശ്യങ്ങളിൽ വിജയിക്കുന്നതായിരിക്കും.

അതേ! മറ്റുള്ളവർക്കുവേണ്ടി ഈ പദം ഉപയോഗിക്കുമ്പോൾ ആ നേരത്ത് അവരുടെ നിലയ്ക്കു ചേർന്ന വിധമുള്ള അർഥമായിരിക്കും എടുക്കുക. ഒരു ഉന്നതനിലയിലുള്ള മുഅ്മിൻ അഥവാ സത്യവിശ്വാസിക്കുവേണ്ടി ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം ശ്രേഷ്ഠതകൾ കൈവരിക്കുന്നതിന് തടസ്സമായി വരുന്ന ബലഹീനതകളിൽനിന്ന് എന്നെ രക്ഷിക്കേണമേ എന്നായിരിക്കും. മധ്യമ

ശേഷം പേജ് 9 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ദൈവകൃപയാൽ മൊത്തത്തിൽ നോക്കുമ്പോൾ അല്ലാഹു ഈ പര്യടനത്തെ എല്ലാ വിധത്തിലും തന്റെ അനുഗ്രഹംകൊണ്ട് കടാക്ഷിച്ചു. അല്ലാഹു ഭാവിയിലും കടാക്ഷിച്ചുകൊണ്ടിരിക്കുമാറാകട്ടെ.**

**മസ്ജിദുകളുമായുള്ള ഈ ബന്ധം ആരാധനകളെ കുറിച്ചുള്ള ചിന്ത അവരിൽ എന്നെന്നും നിലനിറുത്തുമാറാകട്ടെ.**

**മത വിദ്വേഷം വെച്ച് പുലർത്തുന്നവർക്ക് എതിരെ വിശ്വാസികളുടെ പ്രാർഥനകൾ വിജയിച്ചു എന്നതിനുള്ള ഒരു തെളിവാണ് ഈ മസ്ജിദ്........ഈ പട്ടണത്തിനും ഇതിന് ചുറ്റുപാടുമുള്ള പ്രദേശങ്ങൾക്കും പ്രതീക്ഷയുടെ കിരണമായി മാറട്ടെ എന്ന് ഞാൻ പ്രത്യാശിക്കുകയാണ്. ഒരു സൊസൈറ്റിയിൽ മതവിദ്വേഷം വെച്ചുപുലർത്തുന്ന വ്യക്തിക്ക് ഒരു സ്ഥാനവുമില്ല എന്ന ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം പ്രൗഢ ഗംഭീരമായിരുന്നു.......... പ്രാർഥനയുടെ ആയുധമാണ് നമ്മൾ ഉപയോഗിക്കേണ്ടതെന്ന് അഹ്മദിയ്യ ഇമാം പറഞ്ഞത് എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിന്റെ കേന്ദ്രബിന്ദു എന്നത് പരസ്പര ഐക്യമായിരുന്നു.**

**എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന നിങ്ങളുടെ മുദ്രാവാക്യത്തെ കുറിച്ച് എനിക്ക് അറിയാമായിരുന്നുവെങ്കിലും ഇവിടെ വന്ന് നിങ്ങളെയെല്ലാം കണ്ടപ്പോൾ എനിക്ക് അതിനെ കുറിച്ചുള്ള എന്റെ വിശ്വാസം ദൃഢഗാഢമായി.**

**'മതപരമായ സ്വാതന്ത്ര്യം, മതങ്ങൾ തമ്മിലുള്ള ആശയവിനിമയം എന്നീ രണ്ടു കാര്യങ്ങളെ ഉയർത്തിപ്പിടിയ്ക്കുന്നതിന് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം തന്നെ അർപ്പിച്ചിരിക്കുകയാണ്.'**

**ഈ അക്രമങ്ങളുടെയും അനീതിയുടെയും കഥ തുടരുമ്പോഴും അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം മറ്റുള്ളവരോട് പ്രതികാരം ചെയ്യുന്നതിൽനിന്നു വിലക്കിയിരിക്കുന്നു.**

**ഇവിടെ എനിക്ക് കൂടുതൽ ശ്രദ്ധേമായത് ഇമാമിന്റെ പ്രഭാഷണമാണ്.**

**എനിക്കു വ്യക്തിപരമായ നിലയിൽ ഈ ജമാഅത്തിൽനിന്ന് ഒരു ഭയവുമില്ല. മറ്റുള്ളവർ ഭയപ്പെടുന്നതിന്റെ എന്തെങ്കിലും കാരണം മനസ്സിലാകുന്നുമില്ല.**

**ഇവിടെ എങ്ങനെയാണോ യുക്തിയോടുകൂടി സമാധനം ഐക്യം നീതി എന്നിവയെ കുറിച്ച് പറയപ്പെട്ടത് ഞാൻ അക്കാര്യത്തെ ശ്ലാഘിക്കുകയാണ്.**

വർത്തമാനകാലത്തെ അമേരിക്കൻ പര്യടനത്തിലുണ്ടായ ദൈവാനുഗ്രഹങ്ങളെ കുറിച്ചുള്ള വിശദമായ റിപ്പോർട്ട്.

**അമേരിക്കയിലും ഇന്റർ നാഷണൽ മാധ്യമങ്ങളിലും പര്യടനത്തെ കുറിച്ചുള്ള റിപ്പോർട്ടുകൾ**

**ഖുത്ബ ജുമുഅ 2022 ഒക്ടോബർ 21/1401 അഖാഅ് 21,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ അമേരിക്കയിലെ ചില ജമാഅത്തുകളിൽ പര്യടനം നടത്തുകയായിരുന്നു. അക്കാര്യം നിങ്ങൾക്കറിവുള്ളതാണ്. നിങ്ങൾക്ക് എം.ടി.എ മുഖേനയും ജമാഅത്തിന്റെ ഇല്കട്രോണിക് മാധ്യമങ്ങൾ മുഖേനയും വാർത്തകൾ ലഭിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ കൃപയാൽ ഈ പര്യടനം വിജയകരമായി സമാപിച്ചു. ഇവ കൂടാതെ മറ്റു ചാനലുകളും അതിന് വിപുലമായ കവറേജാണ് നല്കിക്കൊണ്ടിരുന്നത്.

എല്ലാ നിലയ്ക്കും ദൈവാനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണാനായി.

സ്വന്തക്കാരേയും അന്യരേയും ഈ പര്യടനം നല്ലവണ്ണം സ്വാധീനിച്ചു. ഒരു ഖാദിം തന്റെ ഒരു സഹോദരനോടു പറഞ്ഞു: എന്റെ സ്മൃതിപഥത്തിൽ ജമാഅത്തിനേയും ഖിലാഫത്തിനേയും കുറിച്ച് ചില കാര്യങ്ങൾ അലട്ടുന്നുണ്ടായിരുന്നു. ചില മുൻവിധികളുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ ഈ പര്യടനം കാരണത്താൽ അതു പൂർണമായും മാഞ്ഞുപോയി. ഇത്തരത്തിലുള്ള പ്രതികരണങ്ങളുമുണ്ടായി. നല്ല പ്രതിഫലനങ്ങൾ ഉളവായി. കൂടിക്കാഴ്ച നടത്തിയതിനു ശേഷമുള്ള കുട്ടികളുടേയും സ്ത്രീകളുടേയും പുരുഷന്മാരുടേയും വൈകാരികമായ പ്രതികരണങ്ങളുടെ ഒരു നീണ്ട പട്ടികതന്നെയുണ്ട്. പര്യടന റിപ്പോർട്ടുകളുൽ നിങ്ങളത് വായിക്കുന്നുണ്ടാകും. പിന്നെ സിയോണിലും ഡല്ലസിലും ബയ്ത്തുർറഹ് മാനുള്ള മെരിലാന്റിലും നമസ്കാരങ്ങളിൽ സ്ത്രീപുരുഷന്മാരുടേയും കുട്ടികളുടേയും നല്ല സാന്നിധ്യമാണുണ്ടായിരുന്നത്. ധാരാളമാളുകളുണ്ടായിരുന്നു. ഞാൻ കടന്നുപോകുമ്പോൾ അവർ പ്രകടമാക്കിയിരുന്ന വികാരാവേശങ്ങളിൽനിന്ന് അവർക്ക് ഖിലാഫത്തിനോടുള്ള സ്നേഹവും ബന്ധവും ആത്മാർഥതയും കൂറും കണ്ടു. അഭ്യസ്തവിദ്യരും ധനാഢ്യരും ഭൗതിക നിലയിൽ കൃത്യാനന്തരബാഹുല്യമുള്ളവരും നമസ്കാരത്തിന് മസ്ജിദിന്റെ ഉള്ളിൽ ഇടം ലഭിക്കുന്നതിന് മണിക്കൂറുകളോളം വരിയായി നിന്നിരുന്നു. വെറുതെ ഇരിക്കാനല്ല. ആത്മീയാനുഭൂതി ആസ്വദിക്കാനാണ്. അവരിലുള്ള ഈ പരിപരിവർത്തനവും പ്രകമാകുന്ന കാര്യവും അല്ലെങ്കിൽ അല്ലാഹു അവരുടെ ഈ പെരുമാറ്റത്തിൽനിന്ന് സ്പഷ്ടമാക്കുന്ന സംഗതിയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദീനിനോടും ജമാഅത്തിനോടുമുള്ള അതിരറ്റ സ്നേഹം അവരുടെ ഹൃദയങ്ങളിലുണ്ടെന്നാണ്. ഖിലാഫത്തുമായുള്ള ബന്ധം അവരുടെ അകത്തലങ്ങളിലുണ്ട്. പത്തുപന്ത്രണ്ടു വയസ്സുള്ള കുട്ടികൾ അഞ്ചാറു മണിക്കൂറാണ് വരിയിൽ നിന്നത്. കാരണം ചെക്കിംങ്ങും കോവിഡ് ടെസ്റ്റുമെല്ലാമായി സമയ താമസം നേരി

ട്ടിരുന്നു. എന്നാൽ, ഒരിക്കലും ആരുംതന്നെ ആക്ഷേപങ്ങളൊന്നു ഉന്നയിച്ചില്ല. സിയോണിലെ അതിഥികളോ ജമാഅത്തിലുള്ളവരോ ആരുംതന്നെ ഒന്നും പറഞ്ഞില്ല. എന്നല്ല, ഇതു കണ്ട് ഒരു അതിഥി ഇങ്ങനെ പറഞ്ഞു: ഇവിടെയുള്ള സംവിധാനം എത്ര സ്മൂത്തായാണ് നടക്കുന്നത്. പരിശോധനകളെല്ലാം കൃത്യമായിട്ട് നടക്കുന്നു. ദീർഘമായ സമയമെടുക്കുന്നുണ്ടായിരുന്നെങ്കിലും ഒരു ആക്ഷേപവും ആരും പറയുന്നുണ്ടായിരുന്നില്ല. പ്രത്യുത ജമാഅത്തംഗങ്ങളും നിളാം അഥവാ വ്യവസ്ഥിതിയോടു പൂർണമായ അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും മാതൃകയാണ് കാണിച്ചത്. പത്തുപന്ത്രണ്ടുവയസ്സുള്ള ഒരു കുട്ടിയുടെ മാതാപിതാക്കൾ എന്നോടിങ്ങനെ പറയുകയുണ്ടായി, അങ്ങ് വന്ന ദിവസംമുതൽ ഞങ്ങളുടെ മകൻ മസ്ജിദിൽ പ്രവേശിക്കാനായി അഞ്ചാറു മണിക്കൂർ മുമ്പേ വന്ന് വരിയിൽ നില്ക്കുന്നു. മറ്റൊന്നിനെ കുറിച്ചും അവന് ഒരു ചിന്തയുമില്ല. എന്നാൽ, ഇതിനുമുമ്പേ അവന് നമസ്കാരത്തെ കുറിച്ച് ഇത്രയധികം ചിന്ത ഉണ്ടായിരുന്നില്ല. ഏതായാലും ആൺകുട്ടികളും പെൺകുട്ടികളും സന്തോഷവും ബന്ധവും പ്രകടിപ്പിച്ചു. അതു ജമാഅത്തിനുമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹമാണ്. നമസ്കാരങ്ങളിൽ എല്ലായിടത്തുമുണ്ടായിരുന്ന ഹാജർ നില സംഘാടകർ പ്രതീക്ഷച്ചതിലും അധികമായിരുന്നു. മസ്ജിദുകളോടുള്ള അവരുടെ ബന്ധവും ആരാധനയെ കുറിച്ചുള്ള അവരുടെ ചിന്തയും സുസ്ഥിരവും സദാനിലനില്ക്കുന്നതുമാകാനും മസ്ജിദുകൾ എപ്പോഴും സജീവമാകാനും അല്ലാഹു തുണയ്ക്കുമാറാകട്ടെ. ജമാഅത്തംഗങ്ങൾ പ്രകടിപ്പിച്ച ആത്മാർഥതയുടേയും വിശ്വസ്തതയുടേയും കാഴ്ച അവരിൽ എന്നെന്നും നിലനില്ക്കുമാറാകട്ടെ. ആളുകൾ കരുതുന്നത് അമേരിക്കപോലുള്ള രാജ്യങ്ങളിലെ ജനങ്ങൾ വിസ്മരിക്കുന്നെന്നാണ്. എന്നാൽ, എന്നാൽ, എനിക്കിവിടെ ബഹുഭൂരിഭാഗമാളുകളും അക്കാര്യത്തിലേക്ക് ശ്രദ്ധയും ചിന്തയുമുള്ളവരായാണ് കാണാനായത്. ധനത്യാഗത്തിൽ ദൗർബല്യം കാണിക്കുന്നവർപോലും തങ്ങൾക്കും തങ്ങളുടെ സന്താന പരമ്പരയ്ക്കും ദീനുമായും ഖിഫാത്തുമായി ഒട്ടിച്ചേർന്ന് നിൽക്കാൻ പ്രത്യേകം ദുആയ്ക്ക് അപേക്ഷിക്കുകയുണ്ടായി. ഇപ്രകാരം അല്ലാഹു ജമാഅത്തംഗങ്ങളുടേയും അമേരിക്കക്കാരുടേയും ആത്മാർഥതയും കൂറും സദാ വർധിപ്പിക്കുമാറാകട്ടെ. അതുപോലെ ലജ്നാ, ഖുദ്ദാം, അൻസ്വാർ എന്നിവർ കൂടാതെ കുട്ടികളും ഈ കാലയളവിൽ കഠിനപ്രയത്നം ചെയ്ത് തങ്ങളുടെ ഡ്യൂട്ടികൾ നിർവഹിക്കുകയുണ്ടായി. സ്ത്രീപുരുഷന്മാർ ഒരുപാട് നാളുകൾ ഉറക്കമൊഴിച്ചാണ് തയ്യാറെടുപ്പുകൾ നടത്തിയത്. ഞാൻ സൂചിപ്പിച്ചപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലായിടത്തും ഹാജർ നിലയും വളരെയധികമായിരുന്നു. ആയിരങ്ങളായിരുന്നു ഹാജരായത്. ബയ്ത്തുർറഹ്മാനിൽ ജൽസയ്ക്കുള്ള ഹാജർ നിലയെക്കാൾ കടുതൽ അപ്പോഴുണ്ടായിരുന്നു. എന്നാൽ, വളരെ വ്യവസ്ഥാപിതമായ നിലയിൽ അവർ ജോലികൾ നിറവേറ്റുകയുണ്ടായി. അമേരിക്കയിലെ ജമാഅത്തംഗങ്ങളുടെ ആത്മാർഥതയുടേയും കൂറിന്റേയും ഈ നിലവാരം അല്ലാഹു മേൽക്കുമേൽ ഉയർത്തുമാറാകട്ടെ. ഈ പരിവർത്തനങ്ങൾ താൽക്കാലികമാകാതിരിക്കട്ടെ. സുസ്ഥിരമായിരിക്കട്ടെ.

ഇനി ഞാൻ അന്യരുടെ ചില പ്രതികരണങ്ങൾ വിവരിക്കുന്നതാണ്. അല്ലാഹു മറ്റുള്ളവരുടെ ഹൃദയങ്ങളിലും അനിതരസാധാരണമായ പ്രഭാവം ചെലുത്തുകയുണ്ടായി. അല്ലാഹു അവരുടെ നെഞ്ചകങ്ങളെ കൂടുതൽ വിശാലമാക്കുമാറാകട്ടെ. ഇക്കൂട്ടർ സത്യം തിരിച്ചറിയുന്നവരാകട്ടെ. ഏതായാലും ചില ഫീഡ്ബാക് ഇവിടെ സമർപിക്കാം.

ആദ്യമായി സിയോണിൽ നിർമിതമായ ‘ഫത്ഹെ അലീം മസ്ജിദിന്റെ ഉദ്ഘാടന ചടങ്ങുകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. അവിടെ 161 അമുസ്ലിമീങ്ങളും അനഹ്മദികളുമായ അതിഥികൾ പങ്കെടുക്കുകയുണ്ടായി. അവരിൽ കോൺഗ്രസ്മാൻ, കോൺഗ്രസ് വിമൻ, മേയറുമാർ, ഡോക്ടറുമാർ, പ്രൊഫസറുമാർ, അധ്യാപകർ, വക്കീലുമാർ, എഞ്ചിനിയർമാർ, സെക്യൂരിറ്റി വിഭാഗത്തിലെ പ്രതിനിധികൾ, അതുപോലെതന്നെ ജീവിതത്തിലെ പല മേഖലകളുമായി ബന്ധം വെക്കുന്നവരൊക്കെ ഉണ്ടായിരുന്നു.

സിയോൺ നഗരത്തിലെ മേയറായ ബില്ലി മിക്കിന്നെ(Billy Mckinney)തന്റെ പ്രതികരണം ഇങ്ങനെ നല്കി: ‘ഫത്ഹെ അലീം മസ്ജിദിന്റെ ഉദ്ഘാടന വേളയിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള നേതാവിനെ സിയോൺ നഗരത്തിലേക്ക് സ്വാഗതം ചെയ്യുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്. ഇവിടെ സിയോണിൽ നമ്മുടെ മോട്ടോ ‘Historic pas and dynamic future” എന്നതാണ്. നമ്മുടെ നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ഈ മസ്ജിദ് ഈ മോട്ടോയുടെ ഒരു ഉദാത്ത മാതൃകയാണ്.’ തുടർന്നു അദ്ദേഹം പറയുന്നു: ‘ഈ മസ്ജിദ് ഞങ്ങളുടെ ഭൂതകാലത്തിനും ഭാവികാലത്തിനുമിടയിൽ ഒരു പാലമായിത്തീരട്ടെ എന്ന് ആശിക്കുകയും അതിന് പ്രാർഥിക്കുകയും ചെയ്യുന്നു. വളരെ വിശ്വാസസാന്ദ്രമായ ഒരു കമ്മ്യൂണിറ്റിയുടെ പ്രതിനിധികളാൽ ഭരിതമാണെന്ന് അറിയുമ്പോൾ എനിക്ക് സിയോണിന്റെ ഭാവിയെ പറ്റി ശുഭപ്രതീക്ഷയുണ്ട്. അഹ്മദിയ്യാ ജമാഅത്ത് ഞങ്ങളുടെ നഗരത്തിൽ കൊണ്ടുവന്ന സന്ദേശത്തെ കുറിച്ച് അറിയുമ്പോൾ ഞാൻ സന്തോഷിക്കുന്നു. അതുകൊണ്ട് നമ്മെ കുറിച്ച് അന്യർക്കും നല്ല പ്രതീക്ഷയുണ്ട്. ക്രിസ്ത്യാനികളുമായ കരാറിലേർപ്പെട്ട ഇസ്ലാമിന്റെ പ്രവാചകൻ മുഹമ്മദു(സ)നെ ആദരിക്കുന്ന ഒരു സംഘടനയാണ് അഹ്മദിയ്യാ ജമാഅത്ത്.’ തുടർന്ന് പറയുന്നു: ‘അഹ്മദിയ്യ മുസ്ലിം കമ്മ്യൂണിറ്റി ഈ നഗരത്തിൽ നടത്തിയ സേവനങ്ങൾക്കും ഈ പട്ടണത്തിന്റെ അഭിവൃദ്ധിക്കും പൊതുജനക്ഷേമ താൽപര്യാർഥവും നടത്തുന്ന പ്രവർത്തനങ്ങൾക്കും ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു ഞാൻ നിങ്ങൾക്ക് നന്ദി അറിയിക്കുന്നു. ഞങ്ങൾ ഈ പട്ടണത്തിന്റെ താക്കോൽ അഹ്മദിയ്യ മുസ്ലിം കമ്മ്യൂണിറ്റിയുടെ നേതാവിനെ സമർപിക്കുകയാണ്.’ അനന്തരം അദ്ദേഹം ആ നഗരത്തിന്റെ താക്കോൽ സമ്മാനിക്കുകയുണ്ടായി.

സിയോൺ നഗരത്തിന്റെ മേയർ വീണ്ടും പറയുന്നു:‘ഞാൻ 1962 മുതൽ ഇവിടെ താമസിക്കുന്നുണ്ട്. സിയോൺ നഗരത്തിനും അഹ്മദിയ്യ മുസ്ലിം ജമാഅത്തിനും ഈ പ്രോഗ്രാം ചരിത്ര പ്രസക്തമാണ്. എന്നോടു നേരിട്ടും വളരെ വികാര വികാരഭരിതനായും പറഞ്ഞു:‘അങ്ങ് ഇന്ന് എന്നെ നിശബ്ദനാക്കി(speechless). പറഞ്ഞു: ‘അങ്ങയുടെ സാന്നിധ്യത്തിന്റെ ബോധം വളരെ ഉദാത്തമാണ്.’

ഇല്ലിനോയിസ്(Illinois) ജനറൽ അസംബ്ലി മെമ്പർ ബഹുമാനപ്പെട്ട ജോയിസ് മാസൻ(Joyce Mason) ഇങ്ങനെ പറഞ്ഞു: ‘ഇവിടെ സിയോണിലെ മസ്ജിദ് ഫത്ഹെ അലീമിന്റെ ഉദ്ഘാടന പരിപാടിയുടെ ഭാഗമാകുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം വളരെ ബഹുമതിയാണ്. സിയോൺ അഹ്മദിയ്യ മുസ്ലിം ജമാഅത്തിന് ചരിത്ര പ്രാധാന്യമുള്ള പട്ടണമാണ്. ഇന്ന് ഈ ദിവസം നഗരത്തിന് വളരെ സവിശേഷതകളുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ അലക്സാണ്ടർ ഡൂയിയാണ് ഈ നഗരത്തിന് അടിത്തറയിട്ടത്. അദ്ദേഹം ഇതിനെയൊരു തിയോക്രാറ്റിക് സിറ്റിയാക്കണമെന്ന് ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തെ അംഗീകരിക്കാത്തവർക്ക് ഈ നഗരകവാടം അടച്ചിട്ടിരുന്നു. എന്നാൽ, ഈ നഗരം മതവൈവിധ്യമുള്ളവരുടെ ഭവനമാണ്. മതവിദ്വേഷം വെച്ച് പുലർത്തുന്നവർക്ക് എതിരെ വിശ്വാസികളുടെ പ്രാർഥനകൾ വിജയിച്ചു എന്നതിനുള്ള ഒരു തെളിവാണ് ഈ മസ്ജിദ്.

ഞാൻ അഹ്മദിയ്യ മുസ്ലിം കമ്മ്യൂണിറ്റിക്ക് ഈ മഹത്തായ വിജയത്തിൽ എന്റെ അഭിനന്ദനം അറിയിക്കുന്നു. അങ്ങനെ അന്യർക്കും ഈ വെല്ലുവിളിയെ കുറിച്ച് നല്ലവണ്ണം അറിയാൻ സാധിച്ചു. തുടർന്ന് പായുന്നു: അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം ലോക സമാധാനത്തിന്റെ വക്താവായ ഒരു മുസ്ലിം നേതാവാണ്. തുടർന്ന് അദ്ദേഹം പറഞ്ഞു: അദ്ദേഹം സമാധാന സംസ്ഥാപനത്തിന് ഊന്നൽ നൽകിക്കൊണ്ട് ലോകത്തിലെ നിയമനിർവ്വാഹകരോടും മറ്റു നേതാക്കളോടും സംവദിക്കുന്ന ഒരു ഇമാമാണ്.’ തുടർന്ന് പറയുന്നു: സമാധാന തൽപരരും മറ്റുള്ളവരെ സേവിക്കുന്നവരും അടങ്ങിയ ഒരു ജമാഅത്ത് ഇവിടെ അധിവസിക്കുന്നതും ഇത്ര സുന്ദരമായ ഒരു മസ്ജിദ് നിർമിക്കാൻ തീരുമാനമെടുത്തതും സിയോൺ(zion) നഗരത്തിന്റെ സൗഭാഗ്യമാണ്. ഈ പട്ടണത്തിനും ഇതിന് ചുറ്റുപാടുമുള്ള പ്രദേശങ്ങൾക്കും പ്രതീക്ഷയുടെ കിരണമായി മാറട്ടെ എന്ന് ഞാൻ പ്രത്യാശിക്കുകയാണ്. ഞാൻ ഈ കമ്മ്യൂണിറ്റിയുടെ പുതിയ മസ്ജിദിന്റെ ഉദ്ഘാടനത്തിൽ അവർക്ക് അഭിനന്ദനം അറിയിച്ച് കൊണ്ട് പാർലമെൻറിൽ ഒരു പ്രമേയം അവതരിപ്പിക്കുകയാണ്.

ശേഷം ഡോക്ടർ കത്രീന ലാന്റോസ്(Katrina Lantos)പറയുന്നു: അവർ ലാന്റോസ് ഫൗണ്ടേഷൻ ഫോർ ഹ്യൂമൻ റൈറ്റ്സ് ആൻഡ് ജസ്റ്റിസിന്റെ അധ്യക്ഷയാണ്. ഞാൻ അഹ്മദിയ്യാ ജമാഅത്തംഗങ്ങളുമായി കൂടിക്കാഴ്ച നടത്തുമ്പോഴൊക്കെ എന്റെ ആത്മീയതയിൽ വർധന ഉണ്ടായി എന്ന തോന്നൽ ഉളവാകുന്നു. തുടർന്ന് പറയുന്നു: ഇവിടെ സിയോണി (zion)ൽ വെച്ച് നടന്ന മുബാഹലയെ കുറിച്ച് കേട്ടപ്പോൾ എനിക്ക് വളരെ അത്ഭുതമുണ്ടായി. കാരണം ആ കാലഘട്ടത്തിൽ മൊബൈൽഫോൺ, കംപ്യൂട്ടർ, തുടങ്ങി മറ്റു ആശയ വിനിമയ മാർഗ്ഗങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നിട്ടും ആ വെല്ലുവിളിക്ക് അത്രയും പ്രചാരം ലഭിക്കുകയുണ്ടായി.

ഡോക്ടർ ജോൺ ഡൂയിയുടേത് പരസ്പര ഭിന്നിപ്പിന്റേയും വിദ്വേഷത്തിന്റേയും വെറുപ്പിന്റേയും സിദ്ധാന്തമായിരുന്നു. മറുഭാഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ പരസ്പര ബഹുമാനത്തിന്റേയും സഹിഷ്ണുതയുടേയും സിദ്ധാന്തം മുന്നോട്ട് വെച്ചു. അദ്ദേഹം ഇതിന്റെ പരിണാമം പൂർണമായും ദൈവകരങ്ങളിൽ ഭരമേല്പിച്ചിരുന്നു. തുടർന്ന് എന്താണ് പര്യവസാനമുണ്ടായതെന്നും ആർക്കാണ് മുബാഹലയിൽ വിജയമുണ്ടായതെന്നും നമുക്കറിയാം.

ഇപ്പോൾ ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടാൻ പോകുന്ന മസ്ജിദിന്റെ പേര് ഫതഹെ അളീം എന്നാണ് വെച്ചിരിക്കുന്നത്. അതിനർഥം മഹത്തായ വിജയം എന്നാണ്. അഹ്മദിയ്യാ ജമാഅത്തിനും അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യ സ്ഥാപകർക്കും ലഭിച്ച വിജയമാണത്.' തുടർന്ന് പറയുന്നു: 'ഞാൻ കരുതുന്നത് ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ വിജയം മാത്രമല്ല മാനവികതയുടെ വിജയം കൂടിയാണെന്ന് വേണം നമ്മൾ പറയാൻ. കാരണം ഇതുമുഖേന പരസ്പര ബഹുമാനത്തിനും സ്നേഹത്തിനും സഹിഷ്ണുതക്കും വിജയം ലഭിക്കുകയുണ്ടായി. അതിന്റെ ഒരു മാതൃകയായാണ് ഇതിനെ ഈ മഹത്തായ ജമാഅത്തിൽ നമ്മൾ വീക്ഷിക്കുന്നത്.' തുടർന്ന് പറയുന്നു: 'നമ്മൾ ഇന്ന് ഇവിടെ വളരെ സുന്ദരവും സമാധാനപൂർണവുമായ അന്തരീക്ഷത്തിലിരിക്കുമ്പോൾ പാകിസ്താനിലുള്ള അഹ്മദികളെയും സ്മരിക്കേണ്ടതുണ്ട്, കാരണം അവർക്ക് തങ്ങളുടെ മതത്തിന്റെ പേരിൽ ദിനേന വിവരണാതീതമായ നിലയിൽ അതിക്രമങ്ങളും പീഡനങ്ങളും മർദനങ്ങളും വിദ്വേഷങ്ങളും അഭിമുഖീകരിക്കേണ്ടി വരുന്നു. ഒരു ഭരണകൂടം നിലനിൽക്കെപോലും അവർക്ക് തങ്ങൾ ഒറ്റപ്പെട്ടവരായാണ് തോന്നുന്നത്.

തുടർന്ന് സിയോൺ(zion) നഗരത്തിന്റെ മുൻകമ്മീഷണർ ആമോസ് മോങ്ക്(Amos Monk) സാഹിബ് തന്റെ വികാരം ഇപ്രകാരം പ്രകടിപ്പിച്ചു. 'ഞാൻ കരുതുന്നത് നിങ്ങളുടെ അധ്യാപനങ്ങൾ എല്ലാ കാര്യങ്ങളെയും ഉൾക്കൊണ്ടിരിക്കുന്നു എന്നാണ്. ലോകത്തിന് ഇതേ കുറിച്ച് കൂടുതൽ അറിവ് ലഭിക്കേണ്ടതുണ്ട്. ഇന്നത്തെ കാലഘട്ടത്തിൽ ലോകത്ത് നിലവിലുള്ള സുന്ദരമായ ചുരുളഴിയാത്ത രഹസ്യമാണിത്. ഞാൻ എന്റെ മുന്നിൽ മേശപുറത്തിരിക്കുന്ന ബ്രോഷർ നോക്കുമ്പോൾ അതിൽ നീതി ന്യായം ആത്മാർഥത സ്നേഹം എന്നിവയുടെ സന്ദേശം എനിക്ക് കാണാൻ സാധിക്കുന്നു. ഇവയൊക്കെ തന്നെയാണ് ഇന്ന് ലോകത്തിന് ആവശ്യം. വെറുപ്പില്ലാതാക്കിയാൽ ഈ ലോകം സ്വർഗ്ഗതുല്യമാകും. ഈ സന്ദേശം മാലോകരെല്ലാം കേൾക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ലോകത്തുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഏക പ്രതിവിധിയാണിത്.

പ്രൊഫസ്സർ ക്രൈഗ് കോൺസീഡിയൻ(Craig Considine) അദ്ദേഹം നബി(സ)തിരുമേനിയുടെ ജീവചരിത്രവും എഴുതിയിട്ടുണ്ട്. അദ്ദേഹം ക്രിസ്ത്യാനിയാണ്. വളരെ യാഥാസ്ഥിതിക ക്രിസ്ത്യാനിയാണ്. അദ്ദേഹം പറയുന്നു: 'കാലത്തിന്റെ ഖലീഫ എന്നോട് ഒരു പഴയകാല സുഹൃത്തിനെ പോലെ കൂടിക്കാഴ്ച നടത്തിയപ്പോൾ ഞാൻ വികാരഭരിതനായിപ്പോയി.'

'അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അത് മുഖേന ഇസ്ലാമിനെ കുറിച്ചും എൻറെ അറിവിൽ വർധന ഉണ്ടായി.'

ഈ പ്രഭാഷണത്തിന്റെ മാൻസ്ക്രിപ്റ്റ് ലഭിച്ചാൽ അത് ഞാൻ എന്റെ അടുത്ത പുസ്തകത്തിന് ഉപയോഗിക്കുന്നതായിരിക്കും.' തുടർന്ന് പറയുന്നു: 'അഹ്മദിയ്യ ഇമാം വളരെ സുന്ദരവും ലളിതവുമായ വാക്കുകളാലാണ് ഇവിടെ വിഷയാവതരണം നടത്തിയിട്ടുള്ളത്. ഓരോ സാധാരണക്കാരനും വളരെ എളുപ്പം ഇത് മനസ്സിലാക്കാൻ സാധിക്കും.' തുടർന്ന് പറയുന്നു: 'മനുഷ്യന്റെ എല്ലാ മൂല്യങ്ങളും സ്വായത്തമാക്കാനും പരസ്പര ബഹുമാനവും സഹിഷ്ണുതയും ആദരവും പ്രതിപക്ഷ ബഹുമാനവും നേടാനും അദ്ദേഹം ഉണർത്തുകയുണ്ടായി. അക്കാര്യം എനിക്ക് പ്രത്യേകം ബോധിച്ചു.' തുടർന്ന് പറയുന്നു: 'സത്യത്തിൽ അദ്ദേഹം നാമെല്ലാവരെയും പരസപരം സ്നേഹത്തിലേക്കാണ് ക്ഷണിക്കുന്നത്. അദ്ദേഹം അവിടെത്തന്നെ ഇരുന്ന് ഒരു മണിക്കൂർ ഖുത്ബയും മുഴുവനും കേൾക്കുകയുണ്ടായി. തുടർന്ന് അദ്ദേഹം എന്നോട് പറഞ്ഞു: 'ഇതുപോലൊരു ഖുത്ബ ഞാൻ ഇതിനുമുമ്പേ കേട്ടിട്ടില്ല.'

ഇല്ലിനോയിസ്(Illinois)കാരനായ ഒരു അതിഥി മെലോഡി ഹാൾ(Melody Hall) പറയുന്നു: 'ഞാൻ പ്രോഡക്റ്റ് ഡവലപ്മെന്റ് മാനേജരാണ്. ഈ പരിപാടി വളരെ താൽപര്യജനകമായിരുന്നു. ഇത് ഞാൻ വളരെയധികം ആസ്വദിച്ചു.

ഒരു സൊസൈറ്റിയിൽ മതവിദ്വേഷം വെച്ചുപുലർത്തുന്ന വ്യക്തിക്ക് ഒരു സ്ഥാനവുമില്ല എന്ന ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം പ്രൗഢഗംഭീരമായിരുന്നു. അദ്ദേഹത്തെ കാണുന്നതും അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുന്നതും വളരെ വ്യതിരിക്തവും നല്ല മതിപ്പുളവാക്കുന്നതുമാണ്. ഞാൻ വളരെയധികം ആസ്വദിച്ചുന്നിന്നു. പ്രാർഥനയുടെ ആയുധമാണ് നമ്മൾ ഉപയോഗിക്കേണ്ടതെന്ന് അഹ്മദിയ്യ ഇമാം പറഞ്ഞത് എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു.

മറ്റൊരു അതിഥിയായ ജെഫ് ഫെൻഡർ(Geff Fender) പറയുന്നു: ഞാൻ ഒരു സെർട്ടിഫൈഡ് പബ്ലിക് അകൗണ്ടന്റാണ്. റിയൽ എസ്റ്റേറ്റിന്റെ പണി ചെയ്യാറുണ്ട്. ഇതെന്റെ ആദ്യത്തെ അനുഭവമാണ് . ഞാൻ വളരെയധികം ആകൃഷ്ടനാകുകയുണ്ടായി, ഇവിടെ മസ്ജിദിന്റെ ഉദ്ഘാടനത്തിൽ പങ്കെടുക്കുക എന്നത് എന്റെ ജീവിതത്തിലെ ഒരു അസുലഭ മുഹൂർത്തമാണ്. പിന്നെ പ്രഭാഷണത്തെ കുറിച്ച് പറയുകയുണ്ടായി, എന്നിൽ അത് വലിയ സ്വാധീനമാണ് ചെലുത്തിയത്. നിങ്ങളെ കുറിച്ച് എനിക്ക് ഒരുപാട് പുതിയ അറിവ് ലഭിച്ചു.' തുടർന്ന് പറയുന്നു: 'മുബാഹലയ്ക്കുള്ള ക്ഷണം എന്നെ സംബന്ധിച്ചിടത്തോളം ഒരു പുതിയ കാര്യമായിരുന്നു. അതെക്കുറിച്ച് ഞാൻ കൂടുതൽ പഠിക്കുന്നതാണ്. ഇങ്ങനെ തബ്ലീഗിന്റെ പുതിയ മാർഗ്ഗങ്ങളും തുറക്കപ്പെടുന്നു.

ഒരു ഹൈസ്കൂൾ ടീച്ചറായ മാറ്റ് റെണ്ടർ (Matt Render)പരിപാടിയിൽ വന്നിരുന്നു. അദ്ദേഹം പറയുന്നു: അഹ്മദിയ്യാ ഇമാമിന്റെ സന്ദേശവും അദ്ദേഹത്തിന്റെ വിവരണ രീതിയും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. എന്നെപ്പോലെയുള്ള ഒരുപാടുപേർക്ക് ഈ സന്ദേശം വളരെ എളുപ്പം മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

എമർജൻസി സർവീസ് മേഖലയിലുള്ള മേരി ലൗ ഹൈൽഡെബ്രാൻഡ്(Mary Lou Hildebrand) ഈ പ്രോഗ്രാമിൽ പങ്കെടുത്തിരുന്നു. അവർ പറയുന്നു: ഞാൻ വളരെയധികം സ്വാധീനിക്കപ്പെട്ടു. നിങ്ങളുടെ സന്ദേശത്തിൽ ആത്മാർഥത തുളുമ്പി നിൽക്കുന്നു. ഒരു കാപട്യവുമില്ല. എല്ലാ വിധത്തിലും സത്യമായതും സംശുദ്ധവുമായ രീതിയായിരുന്നു. എല്ലാവർക്കും നിങ്ങളുടെ ദിനേനയുള്ള ജീവിതത്തെ കുറിച്ച് അനുമാനിക്കാൻ കഴിയും.

ഡോക്ടർ ജെയ്സ്സി റോഡ്രിങ്ക്സും(Jesse Rodriguez) ഈ പരിപാടിയിൽ സന്നിഹിതനായിരുന്നു. വെന്റഡ് പ്രദേശത്തെ സ്കൂളിൽ സുപ്രണ്ടന്റ് ആണ്. അദ്ദേഹം പറയുന്നു: 'അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിന്റെ കേന്ദ്രബിന്ദു എന്നത് പരസ്പര ഐക്യമായിരുന്നു. വളരെ മഹത്തായ സന്ദേശമായിരുന്നു. എല്ലാ മതങ്ങൾക്കും പ്രാധാന്യമുണ്ടെന്നും നമുക്ക് ഐക്യപ്പെടാൻ കഴിയുമെന്നും താങ്കൾ പറഞ്ഞു. മനുഷ്യത്വത്തിന്റെ അവകാശങ്ങളെ കുറിച്ചും മനുഷ്യ കുലത്തിന് സേവനം ചെയ്യുന്നതിന്റെ പ്രയത്നങ്ങളെ കുറിച്ചുമുള്ള കാര്യങ്ങൾ വളരെയധികം സ്വാധീനം ചെലുത്തുന്നവയായിരുന്നു. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന താങ്കളുടെ മുദ്രാവാക്യം എല്ലാ സമൂഹങ്ങളിലും എല്ലാ മതങ്ങളിലും പ്രത്യേകമായി ZION നഗരത്തിൽ മുഖരിതമാണ്. ഈ സന്ദേശം വളരെ അത്യാവശ്യമായ ഒന്നാണ്. പകർച്ച വ്യാധിക്കുശേഷം നമ്മുടെ കുടുംബങ്ങളുടെയും വിദ്യാർഥികളുടെയും മൂല്യങ്ങളിലും സമ്പത്തിലും തകർച്ച ഏർപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നങ്ങളിൽനിന്ന് കരേറാൻ നമുക്ക് ഈ സന്ദേശം വളരെ അനിവാര്യമായ ഒന്നാണ്.

മറ്റൊരു അതിഥി സന്നിഹിതനായിരുന്നു. ഇദ്ദേഹം സിയോണിലെ മസ്ജിനുവേണ്ടി തറക്കല്ലിട്ടിരുന്നു. അദ്ദേഹം പറയുന്നു: ഇന്ന് മനോഹരമായ ദിവസമാകുന്നു. കഴിഞ്ഞ വർഷം എനിക്ക് ഈ മസ്ജിദിന് തറക്കല്ലിടുന്നതിനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. ഇത് പൂർത്തിയായി കാണും എന്ന സന്തോഷത്തിലായിരുന്നു ഞാൻ. നിങ്ങളുടെ മസ്ജിദ് നമ്മുടെ സമൂഹത്തിൽ പ്രതീക്ഷയുടെയും സൗഹാർദത്തിന്റേയും ഉറവിടമാണ്.

സിയോണിലെ പോലീസ് ചീഫ് എറിക്(Eric) സാഹിബ് പറയുന്നു: വളരെ നല്ല പരിപാടി ആയിരുന്നു. എല്ലാവരുടെ ഭാഗത്തുനിന്നും സ്നേഹവും ആത്മാർഥതയും കണ്ട് വളരെ സന്തോഷം തോന്നി. നിങ്ങൾ ആരാണ് എന്ന കാര്യത്തിനല്ല, മറിച്ച് പരസ്പരം കരുതലുള്ളവരാണ് എന്ന കാര്യത്തിനാണ് പ്രാധാന്യം. ഇത് എത്ര മനോഹരമായ സന്ദേശമാണ്.

ഒരു അതിഥി ജെന്നിഫർ(Jennifer) പറയുന്നു: നിങ്ങളുടെ ജമാഅത്തിന്റെ തത്ത്വങ്ങൾ വളരെ ഉയർന്നവയാണ്. നിങ്ങൾ ദകഷ്വച ന ഗരത്തിലേക്ക് കാൽവെക്കുമ്പോൾ പഴയ കെട്ടിടത്തിൽ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം കാണാൻ സാധിക്കും. അതിന്റെ സ്വാധീനം നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നു. ആ ശബ്ദം നിങ്ങളിൽ നില നിൽക്കുകയും ചെയ്യുന്നു. ഇതു തന്നെയാണ് ZION നഗരത്തിൻറെ യഥാർഥ ആത്മാവ്.

മറ്റൊരു അതിഥി, ZION ടൗൺഷിപ്പിൻറെ സൂപ്പർവൈസർ ആയ ചെറിനെൽ സാഹിബ (Cheri Neal)പറയുന്നു: പല തരത്തിലുള്ള ഏർപ്പാടുകൾ കണ്ട് ഞാൻ അത്ഭുതപ്പെട്ടു. നിങ്ങൾ നിങ്ങളുടെ ലക്ഷ്യം പൂർത്തീകരിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

മറ്റൊരു അതിഥി പറയുന്നു: ലക്ഷക്കണക്കിന് ജനങ്ങളെ പ്രതിനിധാനം ചെയ്യുകയും ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും നമ്മൾ എല്ലാം ഒന്നാണെന്നും എല്ലാ മതങ്ങൾക്കും പ്രാധാന്യം നൽകുകയും ചെയ്യുന്ന നിങ്ങളെ പോലെയുള്ള മാർഗ്ഗദർശി നമ്മുടെ ഇടയിൽ ഉണ്ടെന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ സന്ദേശം വളരെ നല്ലതും സ്വാധീനമുളവാക്കുന്നതുമാണ്.

ഒരു അതിഥി ഗ്ലോറിയ(Gloria)സാഹിബ പറയുന്നു: ZION നഗരത്തിന്റെ ചരിത്രം വളരെ വിജ്ഞാനപ്രദമാണ്. ഞാൻ ഇവിടെ വസിക്കുന്ന

വ്യക്തിയാണെങ്കിലും ഈ സ്ഥലത്തെ കുറിച്ചുള്ള പല കാര്യങ്ങളും എനിക്ക് അറിയില്ലായിരുന്നു.

മറ്റൊരു അതിഥി പറയുന്നു: 'ഈ പരിപാടി ഞാൻ വളരെയേറെ ആസ്വദിച്ചു. ഈ സന്ദേശം എന്നിൽ വളരെയധികം സ്വാധീനം ചെലുത്തി. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന നിങ്ങളുടെ മുദ്രാവാക്യത്തെ കുറിച്ച് എനിക്ക് അറിയാമായിരുന്നുവെങ്കിലും ഇവിടെ വന്ന് നിങ്ങളെയെല്ലാം കണ്ടപ്പോൾ എനിക്ക് അതിനെ കുറിച്ചുള്ള എന്റെ വിശ്വാസം ദൃഢഗാഢമായി. വളരെയേറെ കാര്യങ്ങൾ എന്നെ സ്വാധീനിച്ചിട്ടുണ്ട്.' തുടർന്ന് പറയുന്നു. 'എല്ലാ മതങ്ങളെയും സംരക്ഷിക്കുന്ന ഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണെന്ന് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം പറഞ്ഞപ്പോൾ അതെനിക്ക് ഒരു പുതിയ അറിവായിരുന്നു. മുമ്പേ ഇതിനെക്കുറിച്ച് എനിക്ക് അറിവില്ലായിരുന്നു.

ഒരു ഇന്ത്യൻ പ്രൊഫസർ ശോഭന ശങ്കർ സാഹിബ പറയുന്നു: ഇവർ ഞാനുമായി കൂടിക്കാഴ്ചയും നടത്തിയിരുന്നു. സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിലെ പ്രൊഫസറാണ്. ഇവർ അബ്ദുസ്സലാം റിസർച് സെന്റർ ഇറ്റലിയിൽ ഗവേഷണവും ചെയ്തിട്ടുണ്ട്. കുറച്ചുകാലം ഘാനയിലും ഉണ്ടായിരുന്നു. താങ്കൾ ഗാനയിൽ ഉണ്ടായിരുന്നതല്ലേ. താങ്കളുടെ പ്രവർത്തനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു എന്നവർ എന്നോട് സംസാരത്തിനിടയിൽ പറയുകയുണ്ടായി. അഹ്മദിയ്യ ഗേൾസ് സ്കൂളിൽനിന്ന് വിദ്യാഭ്യാസം കരസ്ഥമാക്കിയ പല പ്രൊഫസർമാരോടും താൻ സംസാരിച്ചിട്ടുണ്ടെന്ന് പ്രൊഫസർ സാഹിബ പറഞ്ഞു. ഇത് പെൺകുട്ടികൾക്കുള്ള വളരെ മികച്ച സ്കൂളാണ്. ഇവർ ആഫ്രിക്കയിൽ ജമാഅത്തിന്റെ വിദ്യാഭ്യാസ രംഗത്തുള്ള സേവനങ്ങളെ ഹൈലൈറ്റ് ചെയ്യാൻ (മറ്റുള്ളവരുടെ മുന്നിൽ എടുത്ത് കാണിക്കാൻ ആഗ്രഹിക്കുന്നു) ആഗ്രഹിക്കുന്നു. കൂടാതെ പശ്ചിമാഫ്രിക്കയിലെ അഹ്മദികളെ കുറിച്ച് ഒരു പുസ്തകം എഴുതാനും ആഗ്രഹിക്കുന്നുണ്ട്. പ്രാദേശിക ഭാഷയിലും തർജമ ചെയ്യുന്നതിന് ജമാഅത്തിന്റെ സഹായം ആവശ്യമുണ്ടെന്ന് അവർ പറയുകയുണ്ടായി. നിങ്ങൾക്ക് സഹായം ആവശ്യമായി വരുന്നിടങ്ങളിലെല്ലാം ഇൻശാഅല്ലാഹ് ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണെന്നും ഘാനയെ കൂടാതെ മറ്റു രാജ്യങ്ങളെയും നിങ്ങൾ പരിഗണിക്കേണ്ടതുണ്ടെന്നും ഞാൻ അവരോട് പറഞ്ഞു.

പിന്നീട്, ഡല്ലസിൽ(Dallas)ബയ്ത്തുൽ ഇക്റാം മസ്ജിദിന്റെ ഉദ്ഘാടനം നടന്നു. ഇതിൽ 140 അമുസ്ലിം അനഹ്മദി അതിഥികൾ പങ്കെടുത്തിരുന്നു. ഇവിടെ രാഷ്ട്രീയക്കാർ, ഡോക്ടർമാർ, പ്രൊഫസർമാർ, അധ്യാപകർ, എഞ്ചിനീയർമാർ, സുരക്ഷാ വകുപ്പിലെ പ്രതിനിധികൾ മറ്റു പല വകുപ്പുകളുമായി ബന്ധപ്പെട്ടവരൊക്കെ അതിഥികളായി പങ്കെടുത്തിരുന്നു.

എല്ലൻ(Allen) പട്ടണത്തിന്റെ സിറ്റി കൗൺസിൽ മെമ്പർ കാൾ ക്ലമെൻസിച്ച്(Carl Clemencich) നഗരത്തിന്റെ താക്കോൽ നൽകി. ഇദ്ദേഹം തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ബയ്ത്തുൽ ഇക്റാം മസ്ജിദിന്റെ ഉദ്ഘാടനത്തിന്റെ ചരിത്രപരമായ ഈ പരിപാടിയിൽ പങ്കെടുക്കുക എന്നത് അഭിമാനാർഹമായ കാര്യമാണ്. ഞാൻ എല്ലൻ പട്ടണത്തിന്റെ മേയറുടെ പേരിലും എല്ലാ സിറ്റി കൗൺസിലിന്റെ പേരിലും അഹ്മദിയ്യ ജമാഅത്തിന്റെ ഈ നേട്ടത്തിൽ ആശംസകൾ നേരുന്നു. മേയർ രണ്ടു ദിവസം മുമ്പേ മസ്ജിദിൽ വരികയും എന്നെ കാണുകയും ചെയ്തിരുന്നു. താൻ വിദേശത്തേക്ക് പോകുന്നതിനാൽ (ഉദ്ഘാടന ചടങ്ങിൽ) പങ്കെടുക്കാൻ കഴിയില്ലെന്ന് ക്ഷമാപണം നടത്തിയിരുന്നു. തന്റെ പ്രതിനിധിയെ അയക്കാമെന്നും പറഞ്ഞിരുന്നു. മേയർ വളരെ സൗഹാർദ മനോഭാവമുള്ള വ്യക്തിയാണ്. മേയറിന്റെ പ്രതിനിധി പറയുന്നു: 'ദരിദ്രർക്കിടയിൽ ഭക്ഷണം വിതരണം ചെയ്യുക, ആവശ്യക്കാർക്ക് വസ്ത്രങ്ങൾ ഏർപ്പാടാക്കുക തുടങ്ങിയുള്ള പല സന്ദർഭങ്ങളിലും ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യമനുസരിച്ച് സഹായം ചെയ്ത അഹ്മദിയ്യ ജമാഅത്തിന്റെ എല്ലാ സേവനങ്ങളെയും ഞങ്ങൾ അഭിനന്ദിക്കുകയാണ്. വീണ്ടും പറയുന്നു, സമാധാനപ്രിയരായ, മനുഷ്യ കുലത്തെ സേവിക്കാൻ തൽപരരായ ഒരു സമൂഹം ഈ പട്ടണത്തെ തിരഞ്ഞെടുക്കുകയും അതിൽ ഒരു മനോഹരമായ മസ്ജിദ് നിർമിക്കുകയും ചെയ്തത് എല്ലൻ പട്ടണത്തിന്റെ സൗഭാഗ്യമാണ്. ഈ മസ്ജിദ് ഈ നഗരത്തിന് മാത്രമല്ലാതെ ഈ പ്രദേശത്തിന് മുഴുവനും ഒരു പ്രതീക്ഷയുടെ കിരണമാകട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു. എല്ലൻ നഗരവും ഡെല്ലസ് നഗരത്തോട് വളരെ അടുത്ത് കിടക്കുന്ന നഗരമാണ്. ഏകദേശം അതിന്റെ തന്നെ ഭാഗമായിരിക്കുകയാണ്. അദ്ദേഹം എല്ലൻ മേയറുടെ ഭാഗത്ത് നിന്നും എല്ലൻ പട്ടണത്തിന്റെ കൗൺസിലിന്റെ ഭാഗത്തുനിന്നും നഗരത്തിന്റെ താക്കോലും നൽകി.

പ്രൊഫസർ ഡോക്ടർ റോബർട്ട് ഹണ്ട്(Dr Rober Hunt) സതേൺ മാതോഡിസ്റ്റ് പേർക്കിൻസ് സ്കൂൾ ഓഫ് തിയോളജിയിൽ ഗ്ലോബൽ തിയോളജിക്കൽ ഡിപ്പാർട്മെന്റിൽ ഡയറക്ടർ ആണ്. ഇദ്ദേഹം പരിപാടിയിൽ പങ്കെടുത്തിരുന്നു. ഇന്നത്തെ ഈ ചരിത്രപരമായ പരിപാടിയിൽ പങ്കെടുക്കാൻ എനിക്കും മാത്യൂടെസ്റ്റ് യൂണിവേഴ്സിറ്റിയിലെ എന്റെ സഹപ്രവർത്തകർക്കും പങ്കെടുക്കാൻ ക്ഷണം നൽകിയ ജമാഅത്തിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഇത് ഞങ്ങളെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമായ കാര്യമാണ്. തുടർന്ന് പറയുന്നു: 'മതപരമായ സ്വാതന്ത്ര്യം, മതങ്ങൾ തമ്മിലുള്ള ആശയവിനിമയം എന്നീ രണ്ടു കാര്യങ്ങളെ ഉയർത്തിപ്പിടിയ്ക്കുന്നതിന് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം തന്നെ അർപ്പിച്ചിരിക്കുകയാണ്.'

ഈ രണ്ടു കാര്യങ്ങളും തമ്മിൽ പരസ്പരം ആഴത്തിൽ ബന്ധമുള്ളവയാണ്. എന്തെന്നാൽ, മതങ്ങൾ തമ്മിൽ പരസപരം മനസ്സിലാക്കാതെയും പരസ്പരം ബഹുമാനിക്കാതെയും ഇരുന്നാൽ ഭിന്നിപ്പിന്റെ സ്വരം ശക്തി പ്രാപിക്കുന്നതായിരിക്കും. ഈ കാര്യം ഞാൻ എന്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നതെന്നാൽ, എന്റെ യുവത്വത്തിന്റെ പകുതി ഭാഗവും ഞാൻ മതപരമായി ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു രാജ്യത്താണ് താമസിച്ചിരുന്നത്.' തുടർന്നു പറയുന്നു: 'അഹ്മദിയ്യ ജമാഅത്ത് അക്രമത്തിന് ഇരയായിട്ടുണ്ടെന്നതിന് ചരിത്രം സാക്ഷിയാണ്. അതുകൊണ്ടുതന്നെ ജമാഅത്ത് മതപരമായ സ്വാതന്ത്ര്യത്തിന്റെ പ്രയത്നങ്ങളിൽ മുൻനിരയിൽ നിലനില്ക്കുകും ചെയ്തിട്ടുണ്ട്. നാം തുറന്ന മനസ്സോടെ പരസ്പര ബഹുമാനത്തോടെ പെരുമാറിയില്ലെങ്കിൽ പിന്നെ നമുക്ക് ഭിന്നിപ്പിനെ നിയന്ത്രിക്കാൻ കഴിയാതെ വരുകയും പിന്തിരിപ്പൻ ചിന്താഗതികളെ സമൂഹത്തിൽ നിന്ന് ഇല്ലാതാക്കാൻ കഴിയാതെ വരികയും ചെയ്യും.

റിപ്പബ്ലിക്കൻ(Republican) കോൺഗ്രെസ്സ്മാൻ ഓണറബിൾ മൈക്കിൾ മേക്കാൾ(Michael McCaul) തന്റെ വികാരങ്ങൾ ഇപ്രകാരം പ്രകടിപ്പിച്ചു. പറയുന്നു: ലോകത്തിലെ മൂന്നു മതങ്ങൾ, ജൂതമതം ക്രിസ്തുമതം ഇസ്ലാം എന്നിവ ഹദ്റത്ത് ഇബ്റാഹീമുമായി തങ്ങളുടെ ചരിത്രത്തെ ബന്ധിപ്പിക്കുന്നു. ഇദ്ദേഹം എന്നോട് പറഞ്ഞു:'ഈ മൂന്നു മതങ്ങൾക്കും ഇബ്റാഹീമിന്റെ പേരിൽ സമാധാനത്തോടെ കഴിയാൻ സാധിക്കും. ഈ കാര്യത്തെ കുറിച്ചുള്ള അനുഭവം അഹ് മദിയ്യ ജമാഅത്തിനെക്കാൾ കൂടുതൽ വേറെ ആർക്കാണ് ഉണ്ടാകുക. തുടർന്ന് പറയുന്നു: ഹദ്റത്ത് ഈസ(അ)ന്റേയും അഹ്മദിയ്യ ജമാഅത്തിന്റേയും അധ്യാപനങ്ങളും പുതിയ നിയമത്തെ കുറിച്ചും അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമുമായി സംസാരിക്കാൻ അവസരം ലഭിച്ചു. അദ്ദേഹത്തോട് സംസാരം നടന്നുകൊണ്ടിരുന്നു. യേശുമസീഹ് ഇന്ത്യയിൽ എന്ന പുസ്തകവും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. പറയുന്നു: ഞാൻ ഇത് പകുതി വായിച്ചു കഴിഞ്ഞു, ബാക്കിയും വായിച്ചു കൊണ്ടിരിക്കുകയാണ്. വളരെ താൽപര്യജനകമായ പുസ്തകമാണ്. ഇതിനെ കുറിച്ച് ഗവേഷണം ചെയ്യുന്നതാണ്. ഹദ്റത്ത് ഈസയെ കുറിച്ച് വളരെയധികം പുതിയ കാര്യങ്ങളെ കുറിച്ച് എനിക്ക് അറിവ് ലഭിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാസമ്പന്നനും മതപരമായി തൽപരനുമാണ് ഇദ്ദേഹം. തുടർന്ന് പറയുന്നു: പുതിയ നിയമത്തെ കുറിച്ച് സംസാരിക്കാനുള്ള അവസരം ലഭിച്ചു. അഹ്മദിയ്യ ജമാഅത്തിൽനിന്ന് ശാന്തി, ആർദ്രത, സ്നേഹം എന്നിവയെ കുറിച്ച് ധാരാളം കാര്യങ്ങൾ പഠിക്കാൻ കഴിയുന്നതാണ്. ഞാൻ കത്തോലിക്കാനായിട്ടാണ് വളർന്നത്. ഇപ്പോൾ

ശേഷം പേജ് 8 ൽ

**• ഹദീഥുന്നബ്വി(സ): •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

**(തിർമുദി, അബ്വാബുദ്ദഅ്വാത്ത്)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• ഹദീഥുന്നബ്വി(സ): •**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്." (അബൂദാവൂദ്, കിതാബുൽമനാസിക്)**

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

**അബൂബക്ർ എല്ലാവരെക്കാളും ശ്രേഷ്ഠനാണ്;നബിയുണ്ടായാലൊഴികെ.**

**മക്ക ജിവിതകാലത്ത് ഹദ്റത്ത് അബൂബക്റിന്റെ വീട്ടിൽ നബി(സ)തിരുമേനി നിത്യ സന്ദർശകനായിരുന്നു. ഈ സൗഭാഗ്യവും ശ്രേഷ്ഠതയും ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് കരസ്ഥമാണ്.**

**ആളുകളിൽ തന്റെ ജിവനും ധനവും എന്നിൽ അർപിക്കുകയും സൽപെരുമാറ്റം കാണിക്കുകയും ചെയ്തവരിൽ അബൂബക്ർ ബിൻ അബൂഖുഹാഫയെക്കാളുപരി ആരുംതന്നെയില്ല. ഞാൻ ആളുകളിൽ ആരെയെങ്കിലും ഉറ്റമിത്രമാക്കുകയാണെങ്കിൽ അബൂബക്റിനെയായിരിക്കും. അബൂബക്ർ എന്നിൽനിന്നാണ്. ഞാൻ അദ്ദേഹത്തിൽനിന്നും; ദുൻയാവിലും ആഖിറത്തിലും അബൂബക്ർ എന്റെ സഹോദരനാണ്.**

**നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും കണ്ടു. പറഞ്ഞു: ഇവരിരുവും ചെവികളും കണ്ണുകളുമാണ്. അതായത് എന്റെ ഏറ്റവും അടുത്ത് സ്നേഹിതന്മാരിൽപ്പെട്ടവരാണ്. അബൂബക്റേ! താങ്കളായിരിക്കും എന്റെ സമുദായത്തിൽനിന്ന് ഏറ്റവുമാദ്യം സ്വർഗത്തിൽ പ്രവേശിക്കുന്നത്.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**അബ്ദുൽ ബാസിത് സാഹിബ്(അമീർ ജമാഅത്ത് ഇന്തൊനേഷ്യാ), തൻസാനിയ മുബല്ലിഗ് യൂസുഫ് ഉഥ്മാൻ കാംബാലായ സാഹിബിന്റെ സഹധർമിണി സയ്നബ് റമളാൻ സയ്ഫ് സാഹിബ, ശെയ്ഖ് അബ്ദുൽഖദീർ സാഹിബ് ദർവേശ് ഖാദിയാന്റെ സഹധർമിണി ഹലീമ ബീഗം സാഹിബ, മേലെ അനീസ എപ്പിസായി സാഹിബ(കീർയബാസ്) എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2022 ഒക്ടോബർ 28/1401 അഖാഅ് 28**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

ബദ്രി സ്വഹാബാക്കളെ കുറിച്ചുള്ള പരാമർശത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീക്ക്(റ)നെ കുറിച്ച് പ്രതിപാദിച്ചു വരുകയായിരുന്നു. അദ്ദേഹത്തിന്റെ മാഹാത്മ്യങ്ങളെ കുറിച്ചാണ് പരാമർശിച്ച് വന്നിരുന്നത്. അദ്ദേഹത്തിന്റെ സ്ഥാനമാഹാത്യങ്ങളെ കുറിച്ച് നബി തിരുമേനി(സ) എന്താണ് മനസ്സിലാക്കിയിരുന്നത് അല്ലെങ്കിൽ നബി തിരുമേനിയുടെ കണ്ണിൽ അദ്ദേഹത്തിന്റെ സ്ഥാനമാഹാത്മ്യങ്ങളെന്തായിരുന്നു എന്നതിനെ കുറിച്ച് ചില നിവേദനങ്ങളുണ്ട്.

മക്കാ കാലഘട്ടത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ വീട്ടിൽ നബി തിരുമേനി (സ) നിത്യവും ഒന്നു രണ്ടു തവണയെങ്കിലും സന്ദർശിച്ചിരുന്നുവെന്ന സൗഭാഗ്യം ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന് ലഭിച്ചിട്ടുണ്ട്. (സ്വഹീഹുൽബുഖാരി, കിതാബു മനാഖിബുൽ അൻസ്വാർ, ബാബു ഹിജ്റത്തുന്നബിയ്യി(സ) വ അസ്ഹാബിഹീ ഇലൽ മദീനത്തി, നിവേദനം നമ്പർ 3905)

ഹദ്റത്ത് അംറ് ബിൻ ആസ്(റ) പറയുന്നു: നബി(സ)തിരുമേനി അദ്ദേഹത്തെ ദാത്തുസ്സലാസിലിന്റെ സൈന്യാധിപനായി നിയമിച്ച് അയച്ചിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു ഇപ്രകാരം ചോദിച്ചു. ജനങ്ങളിൽവെച്ച് അങ്ങയ്ക്ക് ഏറ്റവും പ്രിയപ്പെട്ട വ്യക്തി ആരാണ്? നബി(സ) തിരുമേനി പറഞ്ഞു: 'ആഇശ.' ഞാൻ ചോദിച്ചു: 'പുരുഷന്മാരിലാരാണ് ഏറ്റവും പ്രിയപ്പെട്ടത്?' അവിടന്ന് പറഞ്ഞു: 'അവരുടെ പിതാവ്.' ഞാൻ ചോദിച്ചു: 'അതിനുശേഷം ആരാണ്?' അവിടന്ന് പറഞ്ഞു: 'ഉമർ ബിൻ ഖത്വാബ്.' അവിടന്ന് ഇതുപോലെ മറ്റു ചില പുരുഷന്മാരെയും പരാമർശിക്കുകയുണ്ടായി. (സ്വഹീഹ് ബുഖാരി, കിതാബുൽഫളാഇൽ, ഹദീഥ് നമ്പർ 3662)

ഹദ്റത്ത് സലമ ബിൻ അക്വഅ്(റ)വിവരിക്കുന്നു: 'നബി(സ)തിരുമേനി പറഞ്ഞു: ഒരു നബി ഇല്ലെങ്കിൽ ഹദ്റത്ത് അബൂബക്ർ ജനങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനും ഉന്നതനായ വ്യക്തി ഹദ്റത്ത് അബൂബക്റുമാണ്. (കൻസുൽഉമ്മാൽ, വാല്യം 6, പേജ് 11, പേജ് 248, ഫളാഇലു അബൂബക്ർ സിദ്ദീഖ്, നിവേദനം 32548, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2004)

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'എന്റെ ഉമ്മത്തിനുമേൽ ഏറ്റവുമധികം കരുണയും കാരുണ്യവും ചെയ്യുന്ന എന്റെ ഉമ്മത്തിലെ വ്യക്തി അബൂബക്റാണ്. (സുനനുത്തിർമദി അബ്വാബുൽമനാഖിബു, ബാബു മനാഖിബു മുആദ് ബിൻ ജബൽ, നിവേദന നമ്പർ 3790)

ഹദ്റത്ത് അബൂ സയീദ്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു; ഉന്നത സ്ഥാനീയരായ ആളുകൾ അവർക്ക് താഴെയുള്ള ആളുകളെ കാണുന്നതാണ്. നിങ്ങൾ ഉദിച്ചുയരുന്ന നക്ഷത്രങ്ങളെ കാണുന്നതു പോലെ. അതായത് ഉന്നത സ്ഥാനത്തുള്ള ആളുകൾ അവർക്ക് കീഴെയുള്ള ആളുകളെയും കാണുന്നതാണ്. അവർ അവരുടെ കീഴിലുള്ള ആളുകളെ കാണുന്നതാണ്. ഉന്നത സ്ഥാനീയരായ ആളുകൾ അവരുടെ താഴെയുള്ള ആളുകളെ നിങ്ങൾ ഉദിച്ചുയരുന്ന നക്ഷത്രങ്ങളെ കാണുന്നതുപോലെ കാണും. നിങ്ങൾ ആകാശത്തേക്ക് നോക്കുമ്പോൾ ആകാശ ചക്രവാളത്തിൽ നക്ഷത്രങ്ങളെ കാണുന്നതുപോലെ. അബൂബക്റും അവരിൽ പെട്ടവരാണ്. അതായത് ഉന്നത സ്ഥാനീയരാണ്. അവരെ ജനങ്ങൾ ഉന്നതിയിലുള്ള നക്ഷത്രങ്ങളെ കാണുന്നത് പോലെയാണ് കാണുക. നബി(സ)തിരുമേനി പറഞ്ഞു: അവർ എത്രമാത്രം മഹത്വമുള്ളവരാണ്.(സുനനുത്തിർമദി, അബ്വാബുൽമനാഖിബ്, രിവായത്ത് നമ്പർ 3658)

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ പ്രത്യുപകാരം ചെയ്യാത്ത ആരുടേയും ഒരു നന്മയുമില്ല, അബൂബക്കർ ഒഴികെ! അദ്ദേഹത്തിന്റെ നൻമ എന്റെ മേലുണ്ട്. അദ്ദേഹത്തിന് അതിന്റെ പ്രതിഫലം ഖിയാമത്തുനാൾ അല്ലാഹു നൽകുന്നതായിരിക്കും.(സുനനുത്തിർമദി, അബ്വാബുൽമനാഖിബ്, രിവായത്ത് നമ്പർ 3661)

നബി(സ)തിരുമേനി തന്റെ അവസാന രോഗാവസ്ഥയിൽ ഇപ്രകാരം പറഞ്ഞു: ജനങ്ങളിലാരും തന്നെ തങ്ങളുടെ ജീവൻ കൊണ്ടും സമ്പത്തു കൊണ്ടും അബൂബക്റിനെക്കാളും അധികം എന്നോട് നല്ല നിലയിൽ വർത്തിച്ചവരായിട്ടില്ല. ഞാൻ ജനങ്ങളിൽ ആരെയെങ്കിലും ഉറ്റ സുഹൃത്താക്കുമായിരുന്നുവെങ്കിൽ(ഖലീൽ) അബൂബക്റിനെത്തന്നെ ഖലീലാക്കുമായിരുന്നു. എന്നാൽ, ഇസ്ലാമുമായിട്ടുള്ള സൗഹൃദമാണ് ഏറ്റവും വലുത്. ഈ മസ്ജിദിലുള്ള എന്റെ ഭാഗ

ത്തേക്കുള്ള എല്ലാ വീടുകളുടെയും ജനലുകളും അടക്കുക, അബൂബക്റിന്റേതൊഴികെ.(സ്വഹീഹുൽബുഖാരി, കിതാബുസ്സ്വലാത്ത് രിവായത്ത് നമ്പർ 467) ഇത് ബുഖാരിയിലുള്ള നിവേദനമാകുന്നു.

നബി(സ)തിരുമേനി പറഞ്ഞു: അബൂബക്ർ എന്നിൽ നിന്നും ഞാൻ അദ്ദേഹത്തിൽ നിന്നുമാകുന്നു. അബൂബക്ർ ഇഹലോകത്തും പരലോകത്തും എന്റെ സഹോദരനാകുന്നു.(കൻസുൽഉമ്മാൽ വാള്യം 6, ഭാഗം 11, പേജ് 248, നിവേദനം 32547, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 2004)

സുനനുത്തിർമദിയിൽ ഇങ്ങനെ ഒരു നിവേദനമുണ്ട്: ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു, നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനെയും ഹദ്റത്ത് ഉമറിനെയും സംബന്ധിച്ച് പറഞ്ഞു: 'ഇവർ രണ്ടു പേരും സ്വർഗ്ഗവാസികളുടെ നേതാക്കന്മാരാകുന്നു; സ്വർഗ്ഗവാസികളിൽ പ്രായാധിക്യം ഉള്ളവരുടെ ഭാഗത്തുനിന്നു അവസാനം വരുന്ന ആളുകളുടെ ഭാഗത്തുനിന്നു നബിമാരോ റസൂൽമാരോ ഉണ്ടായാലൊഴികെ. 'അല്ലയോ അലി! അവരോട് രണ്ടുപേരോടും ഇത് പറയരുത്.'(സുനനുത്തിർമദി, അബ്വാബുൽമനാഖിബ്, രിവായത്ത് നമ്പര് 3664)

നിവേദകൻ പറയുന്നു: നബി(സ)തിരുമേനി ഈ നിവേദനം അവർ രണ്ടുപേരോടും പറയുന്നതിൽനിന്ന് ഹദ്റത്ത് അലിയെ വിലക്കുകയുണ്ടായി.

ഹദ്റത്ത് അനസിൽനിന്നുള്ള നിവേദനം. നബി(സ)തിരുമേനി മുഹാജിരീങ്ങളും അൻസ്വാറുമായ തന്റെ സ്വഹാബാക്കളുടെ അടുക്കൽ വന്നിരിക്കുമ്പോൾ, അവരിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഉണ്ടാകുമെങ്കിൽ, ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറുമല്ലാതെ മറ്റാരും തന്നെ നബി(സ)തിരുമേനിയുടെ മുഖത്തേക്ക് തങ്ങളുടെ കണ്ണുകൾ ഉയർത്തുമായിരുന്നില്ല. ഇവർ രണ്ടു പേരും നബി(സ)തിരുമേനിയിലേക്ക് നോക്കുകയും നബി(സ)തിരുമേനി അവരിലേക്ക് നോക്കുകയും ചെയ്തിരുന്നു. അവർ നബി(സ)തിരുമേനിയെ നോക്കി പുഞ്ചിരിക്കുകയും നബി(സ)തിരുമേനി അവരെ നോക്കി പുഞ്ചിരിക്കുകയും ചെയ്യുമായിരുന്നു.(സുനനുത്തിർമദി, അബ്വാബുൽമനാഖിബ്, രിവായത്ത് നമ്പര് 3668)

ഹദ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: നിങ്ങൾ ഹൗളിൽ എന്നോടൊപ്പം ആകുന്നു. ഗുഹയിലും എന്നോടൊപ്പം ആയിരുന്നു. (സുനനുത്തിർമദി, അബ്വാബുൽമനാഖിബ്, രിവായത്ത് നമ്പര് 3670)

ഹദ്റത്ത് ജുബയ്ർ ബിൻ മുത്അം(റ) നിവേദനം. ഒരു സ്ത്രീ നബി(സ)തിരുമേനിയുടെ അടുക്കൽ വന്ന് ഏതോ കാര്യത്തെ കുറിച്ച് സംസാരിച്ചു. നബി(സ)തിരുമേനി അത് സംബന്ധിച്ച് എന്തോ നിർദേശം കൊടുക്കുകയും ചെയ്തു. ആ സ്ത്രീ പറഞ്ഞു: 'യാ റസൂലുല്ലാഹ്! ഞാൻ അങ്ങയെ കാണാതിരിക്കുന്ന സന്ദർഭമാണെങ്കിൽ ഞാൻ എന്താണ് ചെയ്യേണ്ടത്?' അതായത് താങ്കൾക്കുശേഷം, വഫാത്തിനുശേഷം എനിക്കാവശ്യം നേരിട്ടാൽ ഞാൻ എന്ത് ചെയ്യണം? നബി(സ)തിരുമേനി പറഞ്ഞു: എന്നെ കണ്ടില്ലെങ്കിൽ അബൂബക്റിന്റെ അടുത്തു വരിക. (സുനനുത്തിർമദി, അബ്വാബുൽമനാഖിബ്, രിവായത്ത് നമ്പര് 3676) അദ്ദേഹം നിങ്ങളുടെ ആവശ്യം നിറവേറ്റിത്തരുന്നതാണ്.

ഹദ്റത്ത്ഇബ്നുഉമർ(റ)നിവേദനം.'നബി(സ) തിരുമേനി ഒരു ദിവസം പുറത്തു വന്നു മസ്ജിദിൽ പ്രവേശിച്ചു. ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും നബി(സ)തിരുമേനിയുടെ ഇടത്തും വലത്തും ഉണ്ടായിരുന്നു. നബി(സ)തിരുമേനി അവരിരുടെയും കൈകൾ പിടിച്ചുകൊണ്ട് ഇതുപോലെ നമ്മൾ ഖിയാമത്തുന്നാൾ ഉയിർത്തെഴുന്നേല്പിക്കപ്പെടുന്നതാണെന്ന് പറഞ്ഞു.(സുനനുത്തിർമദി, കിതാബുൽമനാഖിബ്, രിവായത്ത് നമ്പര് 3669)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹൻത്വബ് നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനെയും ഹദ്റത്ത് ഉമറിനെയും കണ്ട പ്പോൾ പറഞ്ഞു: ഇവർ രണ്ടു പേരും ചെവികളും കണ്ണുകളുമാകുന്നു. അതായത് എന്റെ അടുത്ത സുഹൃത്തുക്കളാകുന്നു.(സുനനുത്തിർമദി, കിതാബുൽമനാഖിബ്, രിവായത്ത് നമ്പര് 3671)

ഹദ്റത്ത് അബൂസയീദ് ഖുദ്രി വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'എല്ലാ നബിമാർക്കും ആകാശ വാസികളിൽനിന്ന് രണ്ടു മന്ത്രിമാരുണ്ടാകുന്നു. ഭൂനിവാസികളിൽനിന്നും രണ്ട് മന്ത്രിമാരുണ്ടാകുന്നു. ആകാശ വാസികളിൽ നിന്നുള്ള എന്റെ രണ്ടു മന്ത്രിമാർ ജിബ്രീലും മീക്കാഈലുമാകുന്നു. ഭൂനിവാസികളിൽനിന്നുമുള്ള എന്റെ മന്ത്രിമാർ അബൂബക്റും ഉമറുമാകുന്നു. (സുനനുത്തിർമദി, കിതാബുൽമനാഖിബ്, ബാബു മനാഖിബി അബീബക്രിൻ അസ്സിദ്ദീഖി, രിവായത്ത് നമ്പർ 3680)

തുടർന്ന് നബി(സ)തിരുമേനിക്ക് സ്വർഗ്ഗത്തെ കുറിച്ച് സുവാർത്തയും നൽകി. സയീദ് ബിൻ മുസയ്യിബ് പറഞ്ഞു: ഹദ്റത്ത് അബൂ മൂസാ അശ്അരി(റ)എന്നോട് പറഞ്ഞു: അദ്ദേഹം ഒരിക്കൽ തന്റെ വീട്ടിൽനിന്ന് വുളു ചെയ്തു പുറപ്പെട്ടു. ഇന്നേ ദിവസം ഞാൻ നബി(സ)തിരുമേനിയുടെ കൂടെത്തന്നെയായിരിക്കും എന്ന് അദ്ദേഹം പറഞ്ഞു. അതായത് ആ ദിവസം അദ്ദേഹം നബി (സ)യുടെ സേവനത്തിന് തന്നെ വഖ്ഫ് ചെയ്തു. മസ്ജിദിൽ വന്ന് നബി(സ) തിരുമേനിയെക്കുറിച്ച് ചോദിച്ചു. അവിടെയുണ്ടായിരുന്നവർ പറഞ്ഞു: നബി(സ)തിരുമേനി ഇതിലെ പുറത്തുപോയി. നബി(സ)തിരുമേനിയുടെ പിന്നാലെ ഞാനും പുറപ്പെട്ടു. നബി(സ) കുറിച്ച് അന്വേഷിച്ചു കൊണ്ടിരുന്നു. അങ്ങനെ അരീസ് കിണറ്റിന്നടുത്ത് ഞാൻ എത്തി. മസ്ജിദ് ഖുബയുടെ സമീപം ഒരു കിണറുണ്ടായിരുന്നു. അതിന്റെ പേരാണ് അരീസ്. അവിടെ ഗേറ്റിന്നടുത്ത് ഇരുന്നു. അത് ഈത്തപ്പന മട്ടലുകൊണ്ടുണ്ടാക്കിയതായിരുന്നു. നബി(സ)തിരുമേനി വിസർജനം കഴിഞ്ഞ് പുറത്തുവന്നു. വുളു എടുത്തു. നബി(സ)തിരുമേനി അരീസ് കിണറ്റിന്റെ വക്കിൽ കാൽ കീഴ്പ്പോട്ടിട്ട് ഇരിക്കുന്നു. ഞാൻ എഴുന്നേറ്റ് നബി(സ)തിരുമേനിയുടെ അടുത്തെത്തി. കണങ്കാലുകൾ പുറത്തുകാണാമായിരുന്നു. നബി(സ)തിരുമോനി അവ കിണറിലേക്ക് ഇട്ടിരുന്നു. അതായത് രണ്ടു കാലുകളും കിണറിന്റെ ഭാഗത്തേക്ക് താഴ്ത്തി ഇട്ടിരുന്നു. ഞാൻ ചെന്ന് സലാം പറഞ്ഞു പിന്മാറി. എന്നിട്ട് ഗേറ്റിന്നടുത്ത് ഇരുന്നു. അനന്തരം ഞാൻ സ്വയം പറഞ്ഞു: ഇന്ന് ഞാൻ നബി(സ) തിരുമേനിയുടെ ഗേറ്റു കാവൽക്കാരനായിരിക്കും. അനന്തരം ഹദ്റത്ത് അബൂബക്ർ(റ)വന്ന് വാതിൽക്കൽ മുട്ടി. ആരാണത്? ഞാൻ ചോദിച്ചു. അബൂബക്ർ എന്ന ദേഹം പ്രത്യുത്തരം നല്കി. താങ്കൾ അവിടെ നില്ക്കുക എന്ന് ഞാൻ പറഞ്ഞു. യാ റസൂലല്ലാഹ്! അബൂബക്ർ അങ്ങയുടെ അടുത്തുവരാൻ അനുവാദം ചോദിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു; അദ്ദേഹത്തിന് അനുവാദം കൊടുക്കുക. സ്വർഗ്ഗത്തെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക. ഞാൻ അബൂബക്കറിന്റെ അടുക്കൽച്ചെന്നു പറഞ്ഞു: പ്രവേശിച്ചുകൊള്ളുക. നബി(സ) തിരുമേനി താങ്കൾക്ക് സ്വർഗ്ഗത്തെ കുറിച്ച് സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു. ഹദ്റത്ത് അബൂബക്ർ നബിയോടൊപ്പം അവിടത്തെ വലതു ഭാഗത്തിരുന്നു. അദ്ദേഹവും നബി(സ) തിരുമേനി ചെയ്തതുപോലെ കിണറ്റിലേക്ക് കാലിട്ടുകൊണ്ടണ്ടും കണങ്കാൽ വെളിവാക്കിക്കൊണ്ടും ഇരുന്നു. ഞാൻ തിരിച്ചുചെന്ന് ഗേറ്റിന്നടുത്തുതന്നെ ഇരുന്നു. ഞാൻ പോരുമ്പോൾ എന്റെ സഹോദരൻ വീട്ടിലിരുന്ന് വുളു എടുക്കുകയായിരുന്നു. അവനും പോരാൻ തയ്യാറായിരുന്നു. ഞാൻ സ്വയം പറഞ്ഞു: അല്ലാഹു ഇന്നവന് നന്മ ഉശേിക്കുന്ന പക്ഷം അവനെ-തന്റെ സഹോദരനെയാണ് അദ്ദേഹം ഉദ്ദേശിച്ചത്-ഇവിടെ കൊണ്ടുവരും. ഉടനെ ഒരാൾ ഗേറ്റിന് മുട്ടുന്നു. ഞാൻ ചോദിച്ചു:ആരാണിത്? അയാൾ പറഞ്ഞു: ഉമറുബ്നുൽ ഖത്വാബാണ്. ഞാൻ പറഞ്ഞു: അവിടെ നിൽക്കുക. ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽ ച്ചെന്ന് സലാം ചൊല്ലിയിട്ട് പറഞ്ഞു: ഇതാ! ഉമർ ഇബ്നു ഖത്താബ് അങ്ങയുടെ അടുത്തുവരാൻ അനുവാദം ചോദിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: അദ്ദേഹത്തിന് നീ അനുവാദം നൽകുക. സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത അറിയിക്കുക. ഞാൻ ചെന്നു പറഞ്ഞു: താങ്കൾ പ്രവേശിച്ചുകൊള്ളുക. നബി(സ)തിരുമേനി താങ്കൾക്ക് സ്വർഗ്ഗത്തെകുറിച്ച് സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു. അദ്ദേഹം പ്രവേശിച്ചു. നബി(സ) തിരുമേനിയുടെ ഇടതു വശത്ത് കിണറ്റിന്റെ വക്കിലിരന്നു. അനന്തരം നബി(സ)തിരുമേനി ചെയ്തിരുന്നതു പോലെ തന്റെ കാലുകൾ കിണറ്റിലേക്ക് താഴ്ത്തിയിട്ടു. ഞാൻ മടങ്ങിച്ചെന്നിരുന്നു. വീണ്ടും ഞാൻ മനസ്സിൽ പറഞ്ഞു: ഇന്നവന് അല്ലാഹു നന്മയുദ്ദേശിക്കുന്നുപക്ഷം അവനെ ഇവിടെ കൊണ്ടുവരും. അന്നേരം ഒരാൾ വന്ന് വാതിലിൽ മുട്ടി. ഞാൻ ചോദിച്ചു: ആരാണത്? ഉഥ്മാൻ ബിൻ അഫ്ഫാൻ എന്ന് മറുപടി ലഭിച്ചു. അവിടെ നില്ക്കുക എന്ന് ഞാൻ മറുപടി പറഞ്ഞു. എന്നിട്ട് ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽച്ചെന്ന് വിവരം പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: അനുവാദം നല്കുക. അദ്ദേഹത്തെ ബാധിക്കുന്ന ഒരു വിപത്തിന്റെ പേരിൽ അദ്ദേഹത്തിന് സ്വർഗ്ഗത്തെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുക. ഞാൻ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്ന് പറഞ്ഞു: താങ്കൾ പ്രവേശിച്ചുകൊള്ളുക. താങ്കളെ ബാധിക്കുന്ന ഒരു വിപത്തുമൂലം താങ്കൾക്ക് സ്വർഗ്ഗത്തെ കുറിച്ച് നബി(സ)തിരുമേനി സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു. അദ്ദേഹം പ്രവേശിച്ച സന്ദർഭത്തിൽ കിണറ്റിന്റെ വക്കിൽ വന്നു നോക്കിയപ്പോൾ കിണറിന്റെ വക്കിൽ സ്ഥലം തീർന്നിരുന്നു. അന്നേരം മറുഭാഗത്ത് നബിക്ക് അഭിമുഖമായി അദ്ദേഹം ഇരുന്നു.(സ്വഹീഹുൽബുഖാരി, കിതാബുഫളാഇലുൽ അസ്ഹാബുന്നബിയ്യി(സ) ലൗ കുൻത മുത്തഖിദൻ ഖലീലൻ ഹദീഥ് നമ്പർ 3674)(ഫർഹങ്കെ സീറത്ത് പേജ് 70, സവാർ അക്കാഡമി കറാച്ചി 2003)

ഹദ്റത്ത് അനസ്(റ)വിവരിക്കുന്നു. നബി(സ) തിരുമേനി ഉഹുദിൽ കയറിയപ്പോൾ അവിടത്തോടൊപ്പം ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉമർ(റ)ഹദ്റത്ത് ഉഥ്മാൻ(റ) എന്നിവരുമുണ്ടായിരുന്നു. അപ്പോൾ അത് ഇളകാൻ തുടങ്ങി.

അവിടന്ന് പറഞ്ഞു: ഉഹുദേ! നിൽക്കൂ. അതിൽ അവിടന്ന് തന്റെ കാല് അടിച്ചതായും ഞാൻ മനസ്സിലാക്കുന്നു. എന്തുകൊണ്ടെന്നാൽ നിന്റെമേൽ ഇപ്പോൾ മറ്റാരുമില്ല. വെറും ഒരു നബിയും ഒരു സിദ്ദീഖും രണ്ടു ശഹീദുമാണുള്ളത്.'(സ്വഹീഹുൽബുഖാരി, കിതാബുഫളാഇലുൽ അസ്ഹാബുന്നബിയ്യി(സ) ബാബു മനാഖിബു ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ഹദീഥ് നമ്പർ 3699)

ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) വിവരിക്കുന്നു: ഞാൻ 9 പേരെ കുറിച്ച് അവർ സ്വർഗവാസികളാണെന്ന് സാക്ഷ്യം വഹിക്കുന്നു. പത്താമത്തെ ആളെ കുറിച്ചും ഈ സാക്ഷ്യം പറയുകയാണെങ്കിൽ ഞാൻ പാപിയാകുകയില്ല. അദ്ദേഹം പറഞ്ഞു: ഞങ്ങൾ നബി(സ) തിരുമേനിയോടൊപ്പം ഹിറ മലയിലായിരുന്നു. അത് ഇളകാൻ തുടങ്ങി. നേരത്തെ പറഞ്ഞ നിവേദനം ബുഖാരിയിൽ ഉള്ളതാണ്. ഇത് തിർമിദിയിലുള്ളതാണ്. ഇതിൽ ഹിറായെ കുറിച്ചാണ് പറയുന്നത്. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'ഏ! ഹിറാ ഇളകാതിരിക്കുക. തീർച്ചയായും നിനക്കുമീതെ ഒരു നബി അല്ലെങ്കിൽ സിദ്ദീഖ് അല്ലെങ്കിൽ ശഹീദാണുള്ളത്.' ആരോ ചോദിച്ചു. ആ പത്ത് സ്വർഗ്ഗ വാസികൾ ആരൊക്കെയാണ്? ഹദ്റത് സയീദ് സയ്ദ് പറഞ്ഞു. നബി (സ)തിരുമേനി, അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി,ത്വൽഹ, സുബയ്ർ, സഅ്ദ്, അബ്ദുർറഹ്മാൻ ബിൻ ഔഫ്. അപ്പോൾ പത്താമൻ ആരാണെന്ന് ചോദിക്കപ്പെട്ടു. സയീദ് ബിൻ സയ്ദ് പറഞ്ഞു. അത് ഞാനാകുന്നു.(സുനനുത്തിർമദി, കിതാബുൽമനാഖിബ്, സയീദ് ബിൻ സയ്ദ് രിവായത്ത് നമ്പർ 3757)(ഉസുദുൽ ഗാബ, വാല്യം 2, പേജ് 478, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2003)

ഇവിടെ ഇതും വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. നബി(സ)തിരുമേനി ഈ നിവേദനത്തിൽ ഉന്നത സ്ഥാനീയരായ പത്ത് സ്വഹാബാക്കൾക്ക് അവരുടെ ജീവിതത്തിൽത്തന്നെ സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത നൽകുന്നു. ഇവർ നബി(സ)തിരുമേനിയുടെ സമീപസ്ഥരും അഭിപ്രായങ്ങൾ നൽകുന്നവരുമായിരുന്നു. ഇവരെക്കുറിച്ച് ചരിത്രത്തിൽ അശ്റ മുബശ്ശറ എന്ന സാങ്കേതിക പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതായത് സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത നൽകപ്പെട്ട പത്ത് പേർ. എന്നാൽ, ഒരു കാര്യം ഓർക്കേണ്ടതെന്തെന്നാൽ നബി(സ)തിരുമേനി കേവലം പത്തുപേർക്കു മാത്രമല്ല സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത നൽകിയത്. ഇവരെ കൂടാതെയും നിരവധി സ്വഹാബാക്കൾക്കും സ്വഹാബിയാത്തിനും നബി(സ)തിരുമേനി സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത നൽകിയിട്ടുണ്ട്.

ഈ പത്തു പേരെ കൂടാതെ ഏറെക്കുറെ അൻപതോളം സ്വഹാബാക്കളുടെയും സഹാബിയാത്തിന്റേയും പേരുകൾ കൂടി ഈ ഗണത്തിൽ സ്മരിക്കപ്പെടുന്നുണ്ട്. അതിനു പുറമെ ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മുന്നൂറ്റി പതിമൂന്നു പേരെ കുറിച്ചും ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തവരെ കുറിച്ചും സുലഹ് ഹുദയ്ബിയയിലെ ബയ്അത്ത് രിള്വാനിൽ ഉണ്ടായിരുന്നവരെ കുറിച്ചും സ്വർഗ്ഗത്തെ സംബന്ധിച്ച് സുവാർത്ത നൽകപ്പെട്ടിരുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി ചോദിച്ചു: ഇന്ന് നിങ്ങളിലാരാണ് നോമ്പുകാരൻ. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാൻ നോമ്പുകാരനാണ്.' നബി(സ)തിരുമേനി ചോദിച്ചു നിങ്ങളിലാരാണ്

ശേഷം പേജ് 10 ൽ

പേജ് 5 ൽ നിന്ന്

അമേരിക്കൻ കോൺഗ്രസിൽ അഹ്മദിയ്യ കോക്കസിന്റെ(Ahmadiyya Caucus) ചെയർമാനാണ്. ഇദ്ദേഹം നമ്മുടെ ജമാഅത്തിനുവേണ്ടി സംസാരിക്കുന്നവരുടെ കമ്മിറ്റിയുടെ ചെയർമാനാണ്. ഇദ്ദേഹം തുടരുന്നു: ലോകത്ത് സമാധാനം സ്ഥാപിക്കാനും സമൂഹങ്ങളുടെ ഇടയിൽ ഐക്യം സ്ഥാപിക്കാനും തീവ്രവാദത്തെയും അക്രമത്തെയും അവസാനിപ്പിക്കുന്നതിന് വേണ്ടിയും ദാരിദ്ര്യത്തെ അകറ്റുന്നതിനും സാമ്പത്തിക സമത്വത്തിനും മനുഷ്യാവാകാശങ്ങൾക്കു വേണ്ടിയും ആഗോള മത സ്വാതന്ത്ര്യത്തിന് വേണ്ടിയും താങ്കൾ ചെയ്യുന്ന പ്രയത്നങ്ങൾ ശ്ലാഘനീയമാണ്.' തുടർന്ന് പറയുന്നു: കുറെ അഹ്മദി മുസ്ലിമീങ്ങളെ ടാർജറ്റ് ചെയ്ത് കൊല ചെയ്തിട്ടുണ്ട്. ഈ അക്രമങ്ങളുടെയും അനീതിയുടെയും കഥ തുടരുമ്പോഴും അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം മറ്റുള്ളവരോട് പ്രതികാരം ചെയ്യുന്നതിൽനിന്നു വിലക്കിയിരിക്കുന്നു. ഇത് വളരെ മഹത്തായ കാര്യമാണ്. അദ്ദേഹം തുടരുന്നു: യഥാർഥ സമാധാനവും ശാശ്വതമായ ശാന്തിയും ഉണ്ടാകുന്നതിന് നീതി നിർവഹണം നിർബന്ധമാണെന്ന് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം ലോക നേതാക്കളോട് ആവർത്തിച്ച് ഉപദേശിച്ചുകൊണ്ടിരിക്കുന്നു. ആക്രമണത്തിന് ഇരയായ സമൂഹങ്ങൾക്ക് വേണ്ടി ശബ്ദിച്ചു ഇത്തരത്തിൽ അദ്ദേഹം തന്റെ വികാരപ്രകടനങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം വളരെയധികം കാര്യങ്ങൾ പറഞ്ഞു.

മറ്റൊരു അതിഥി ടോം ബെറി(Tom Berry) പറയുന്നു: ഞാൻ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിനോട് നന്ദി പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ സന്ദേശം, അതിഥി സൽക്കാരം, പരസ്പര ബന്ധം തുടങ്ങി എല്ലാ കാര്യങ്ങളും വളരെനന്നായിരുന്നു. പ്രത്യ ശാസ്ത്രവും മതവും കണക്കിലെടുക്കാതെ പരസ്പരം നന്മ ആഗ്രഹിക്കുക എന്നുള്ളത് ഒരു അനുഗ്രഹമാണെന്നതിൽ ഒരു സംശയവുമില്ല. ജീവിതത്തെ മാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന, മനുഷ്യരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സമൂഹത്തിൽ ഒരു വ്യക്തിയുടെയോ അല്ലെങ്കിൽ ഒരു സ്ഥാപനത്തിന്റേയോ കുത്തകാവകാശം നിലനിൽക്കുകയില്ല. എല്ലാവരും ഒന്ന് ചേർന്നാണ് പ്രവർത്തിക്കേണ്ടത്. ഇതുതന്നൊണ് ഖലീഫയുടെ സന്ദേശം. ഈ സന്ദേശം എങ്ങനെയുള്ളതാണെന്നാൽ, രാത്രി ഉറങ്ങുന്നതിനു മുമ്പേയും രാവിലെ ഉണർന്നതിനുശേഷവും ഉരുവിടേണ്ടതാണ്. ഈ സന്ദേശംതന്നെയാണ് നമ്മൾ മറ്റുള്ളവരിലേക്ക് എത്തിക്കേണ്ടതും. ഈ സന്ദേശം നമ്മുടെ കുട്ടികൾക്കും മനസ്സിലാക്കികൊടുക്കേണ്ടതാണ്. എന്തെന്നാൽ നമ്മുടെ കാലം കഴിഞ്ഞാൽ അവർ ഈ സന്ദേശത്തെ ഏറ്റെടുക്കേണ്ടവരാണ്. ഞാൻ വീണ്ടും നിങ്ങളോട് നന്ദി രേഖപെടുത്തുന്നു.

പിന്നീടുണ്ടായിരുന്നത് ഒരു മുസ്ലിം അതിഥിയാണ്; സുൽത്വാൻ ചൗദരി സാഹിബ്. അദ്ദേഹം പറയുന്നു: എന്റെ അഭിപ്രായത്തിൽ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം ഈ ലോകത്തിന് നൽകിയ സമാധാനത്തിന്റെ സന്ദേശം വളരെ മികച്ച ഒരു സന്ദേശമാണ്. എന്റെ അഭിപ്രായത്തിൽ മുസ്ലിമീങ്ങൾ ഇവിടം കൈയേറും എന്ന മുസ്ലിമീങ്ങൾക്കെതിരെയുള്ള അനാവശ്യഭയം ഇല്ലാതാക്കേണ്ടത് അനിവാര്യമാണ്. മുസ്ലിമീങ്ങളെ ഇല്ലാതാക്കാൻ ഒരു തരത്തിലുമുള്ള ഗൂഡാലോചനയും ശ്രമവും നടക്കുന്നില്ല എന്നിരിക്കെ യുദ്ധങ്ങൾ നടത്താൻ മുസ്ലിമീങ്ങൾക്ക് ഒരു തരത്തിലും അനുവാദമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

നോർത്ത് പ്രിസ്ബിറ്റേറിയൻ ചർച്ചിൽനിന്ന് ഒരു അതിഥി വന്നിരുന്നു, ബവേർലി മക്കോട് (Beverly McCord)സാഹിബ. അവർ പറയുന്നു: ഖലീഫയെ കണ്ടപ്പോഴും അദ്ദേഹം പറഞ്ഞകാര്യങ്ങൾ കേട്ടപ്പോഴും വളരെ മനസമാധാനം ലഭിച്ചു. ലോക സമാധാനത്തിനു വേണ്ടി ഇങ്ങനെ പ്രയത്നിക്കുന്ന മറ്റാരെയും കണ്ടിട്ടില്ല. വളരെ നല്ല അനുഭവമായിരുന്നു. ജനങ്ങൾ തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾ നേടിയെടുക്കുന്നതിനും മറ്റുള്ളവരുടെ പ്രദേശങ്ങൾ കൈയടക്കുന്നതിനും, മറ്റുള്ളവരുടെ മേൽ അതിക്രമം ചെയ്യുന്നതിനും പകരമായി ഈ സന്ദേശം കേൾക്കുകയാണെങ്കിൽ ലോകത്ത് സമാധാനം സാധ്യമാണ്. സമാധാനത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രഭാഷണങ്ങൾ വീണ്ടും കേൾക്കാൻ കഴിയുകയും എപ്പോഴും സമാധാനത്തെ പിന്തുടരണമെന്നും അതിനു വേണ്ടി പ്രയത്നിക്കണമെന്നും ജനങ്ങളെ ഉത്ബോധിപ്പിക്കാൻ കഴിയുമെങ്കിൽ എത്ര നന്നായേനെ.'

കോളിൻ(Collin)കൗണ്ടി പോലീസ് ഡിപ്പാർട്മെന്റിൽ നിന്നുള്ള ഒരു വ്യക്തി ലീറോയി സാഹിബും (LeRoy)പങ്കെടുത്തിരുന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് വളരെയധികം കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞ വളരെ മനോഹരമായ ഒരു പ്രോഗ്രാമായിരുന്നു ഇത്. തീർച്ചയായും അഹ്മദിയ്യ മുസ്ലിം കമ്മ്യൂണിറ്റി ഒരു മഹത്തായ കാര്യമാണ് ചെയ്തിരിക്കുന്നത്.

ഒരു മുസ്ലിം അതിഥി ഡോക്ടർ ഹലീമുർറഹ്മാൻ സാഹിബ് ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'ഇതു തികച്ചും അവിശ്വനീയമായിരുന്നു. പ്രോഗ്രാമിന്റെ ഏർപ്പാടുകൾ, അതിഥി സൽകാരം പന്തൽ എന്നിവ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പറയുന്നു: എനിക്ക് ഇവർ നൽകിയ ആദരവിന് യഥാർഥത്തിൽ ഞാൻ അർഹനല്ല. ഈ അന്തരീക്ഷം കണ്ട്. നിങ്ങൾ എനിക്ക് നൽകിയ ആദരവ് എല്ലാം കണ്ട് എന്റെ കണ്ണുകൾ ആർദ്രമായി. എനിക്ക് വളരെ മികച്ച മനുഷ്യർക്കിടയിൽ സമയം ചെലവഴിക്കാൻ അവസരം ലഭിച്ചു. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന യഥാർഥ മനുഷ്യർ. ഇവിടെവെച്ച് ഇത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ, പാകിസ്താനിൽ പോയാൽ മുല്ലാക്കൾ ജീവിക്കാൻ അനുവദിക്കില്ല.

ഒരു അതിഥി അബ്ബി കിർകകെണ്ടൽ(Abby Kirkendalഹ) സാഹിബ പറയുന്നു: 'ആരാധനയുടെ രീതി ഞങ്ങളിൽനിന്ന് വ്യത്യസ്തമാണെങ്കിലും മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങളുമായി യോജിച്ച് പോകുന്ന ഒരു ജമാഅത്തിനെ ഞാൻ കണ്ടു. എനിക്ക് ഇത് മഹത്തായ അനുഭവമായിരുന്നു. മത നേതാവായ ജമാഅത്തിന്റെ ഇമാം എല്ലാ സമൂഹങ്ങളും ഉൾക്കൊള്ളേണ്ട മൂല്യങ്ങളെ കുറിച്ച് സംസാരിക്കുന്നത് കണ്ടപ്പോൾ എനിക്ക് വളരെയധികം അഭിമാനം തോന്നി. ഇവിടെ വന്ന് എനിക്ക് ദൈവസാന്നിധ്യം അനുഭവപ്പെട്ടു. വിശ്വാസ ആദർശങ്ങൾ വ്യത്യസ്തമാണെങ്കിലും ദൈവത്തിന്റെ സാന്നിധ്യം എവിടെ അനുഭവപ്പെട്ടാലും നിങ്ങൾക്ക് സമാധാനം അനു

ഭവിക്കാൻ കഴിയും. മതങ്ങളും സമൂഹങ്ങളും വ്യത്യസ്തമാണെങ്കിലും ഇന്ന് ഇവിടെയുള്ള എല്ലാവർക്കും അത് അനുഭവിക്കാൻ കഴിഞ്ഞു. ഇന്ന് എല്ലാ കമ്മ്യൂണിറ്റികൾക്കും ഇതുതന്നെയാണ് ആവശ്യവും.

ഒരു സ്ത്രീ വിക്ടോറിയ സാഹിബ പറയുന്നു: മതപരമായും ആദർശങ്ങളുടെ അടിസ്ഥാനത്തിലും വ്യതിരിക്തത ഉണ്ടെങ്കിലും നമ്മൾ പരസ്പരം ബന്ധപ്പെട്ടവരാണ് എന്നതിനെ കുറിച്ചുള്ള അഹ്മദിയ്യ ജമാഅത്തിന്റെ പ്രഭാഷണമാണ് ഇവിടെ എനിക്ക് ഏറ്റവും പ്രത്യേകമായി തോന്നിയത്. എന്റെ അഭിപ്രായത്തിൽ ആഗോള മതങ്ങളുടെ ആശയവിനിമയത്തിൽ ഈ ഒരു കാര്യം പാലിക്കപ്പെടുന്നില്ല. മത ആദർശങ്ങളുടെ വ്യതിരിക്തത നിലനിൽക്കുമ്പോഴും എല്ലാ മനുഷ്യരും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നുവെന്നും നമുക്ക് പരസ്പരം സമാധാനത്തോടെ മറ്റുള്ളവരുടെ വികാരങ്ങളെ എങ്ങനെ മാനിക്കാമെന്നും ഇത്രയും യുക്തിയോടെയും ജ്ഞാനത്തോടെയും ഒരാൾ സംസാരിക്കുന്നത് കണ്ട് വളരെ സന്തോഷം തോന്നി.

പിന്നെ ഒരു വനിത മേരി മെക്ഡർമെറ്റ്(Mary McDermatt) പറയുന്നു: ഇവർ ഡല്ലസ് മസ്ജിദിലെ നമ്മുടെ അയൽവാസിയാണ്. ഇവർക്ക് വിശാലമായ ഭൂമിയുണ്ട്. അവർ പാർക്കിങ്ങിനുവേണ്ടി സ്ഥലം നൽകിയിരുന്നു. ഈ പ്രോഗ്രാമിനുവേണ്ടി സ്ഥലം നൽകിയപ്പോൾ സന്തോഷിച്ചതുപോലെ ഇതിന് മുമ്പേ പൊടിപടലങ്ങൾ നിറഞ്ഞ എന്റെ സ്ഥലം കാരണം ഞാൻ സന്തോഷിച്ചിട്ടില്ല. വളരെ സാത്വികയായ ഉയർന്ന സ്വഭാവഗുണങ്ങളുടെ ഉടമയാണ് ഈ വനിത. അവർ തന്റെ സ്ഥലം വൃത്തിയാക്കി നിരപ്പാക്കിയിട്ടാണ് നമുക്ക് പാർക്കിങ്ങിന് വേണ്ടി നൽകിയത്.

മറ്റൊരു ബവേർലി മക്കോഡ് (Beverly Mc-Cord)സാഹിബ. അവർ പറയുന്നു: പറയുന്നു; എനിക്ക് എപ്പോഴും ആഗോള മതനേതാക്കളുടെ പ്രഭാഷണങ്ങൾ കേൾക്കാൻ ഇഷ്ടമാണ്. അവർ തുടർച്ചയായി സമാധാനത്തിന്റെ ആവശ്യകതയെ കുറിച്ചും പരസ്പര ഭിന്നിപ്പിന്റെ പ്രതിവിധിയെ കുറിച്ചും സംസാരിക്കുകയും സ്നേഹത്തിലേക്ക് വിളിക്കുകയും ചെയ്യുന്നു. എനിക്ക് എപ്പോഴും ഇങ്ങനെയുള്ള സന്ദേശങ്ങൾ കേട്ട് സന്തോഷം തോന്നാറുണ്ട്. എനിക്ക് വ്യക്തിപരമായി ഈ ജമാഅത്തിനോട് ഒരു ഭയവുമില്ല. മറ്റുള്ളവർ ഭയക്കുന്നതിന് ഒരു കാരണവും മനസ്സിലാകുന്നുമില്ല. എന്തുകൊണ്ടെന്നാൽ ഈ ജമാഅത്ത് വളരെ സ്നേഹവായ്പുള്ള മറ്റുള്ളവരുടെ വികാരങ്ങളെ വിലമതിക്കുന്ന എപ്പോഴും സൃഷ്ടി സേവനം ചെയ്യുന്ന ജമാഅത്താണ്. ആർക്കെങ്കിലും ഭയമുണ്ടെങ്കിൽത്തന്നെ അത് ജമാഅത്തിന്റെ സൃഷ്ടിസേവനത്തിന്റേയും ക്ഷേമത്തിന്റെയും പ്രവർത്തനങ്ങൾ കാണുമ്പോൾ ഇല്ലാതാകുന്നതാണ്.ജോശുവാ(Joshua) എന്നു പേരുള്ള ഒരു അതിഥി പറയുന്നു: ഇന്നത്തെ ഈ ഉദ്ഘാടന സമ്മേളനത്തിൽ എനിക്കും മറ്റു മുതിർന്ന പാതിരിമാർക്കും ക്ഷണം നല്കുകയുണ്ടായി. ഈ പരിപാടിയിൽ പങ്കെടുക്കാൻ പറഞ്ഞു. സംസാരിക്കാൻ അവസരമുണ്ടാകുമെന്നും അറിയിച്ചു. ഇവിടെ എത്ര മാത്രം യുക്തിയോടുകൂടിയാണ് സമാധനത്തേയും ഐക്യത്തേയും നീതിയേയും കുറിച്ച് സംസാരിക്കപ്പെട്ടത്. ഞാനതിന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. വ്യത്യസ്ത സമൂഹ സംസ്കാരങ്ങളിൽപ്പെട്ട ജനങ്ങളായിട്ടുകൂടി അവർ നമ്മുടെ ജീവിതത്തിൽ ദൈവാസ്തികൃത്തെ സംബന്ധിച്ചും പരസ്പര സ്നേഹത്തെ സംബന്ധിച്ചും സന്ദേശം നല്കുന്ന കൂട്ടരുമുണ്ടെന്ന് എനിക്ക് ഇന്ന് ബോധ്യമായി. നാം നമ്മടുടെ കർമങ്ങൾകൊണ്ട് പരസ്പരം പ്രഭാവം പുലർത്തുന്ന കാരണത്താൽ ഇതുപോലെ സംഘടിക്കുകയും ഭക്ഷണം കഴിക്കുകയും സംസാരിക്കുകയും ചെയ്യേണ്ടത് വളരെ അനിവാര്യമാണ്. അദ്ദേഹം പറയുന്നു: ഞാനെന്റെ ഭാര്യയോടു പറയുകയായിരുന്നു, ഇവിടുത്തെ ആതിഥ്യം മികച്ചതായിരുന്നു. ഇവിടെ എത്തിയപ്പോൾത്തന്നെ എല്ലാ കാര്യങ്ങളും ഓർഗനൈസ്ഡാണെന്ന് തോന്നി.

ഇപ്രകാരം അവിടെ ഫോർട്ട് വെർത്ത്(Fort Worth)ഒരു സ്ഥലമുണ്ട്. ഡല്ലസിൽ(Dallas)നിന്ന് 50, 55 കിലോമീറ്റർ ദൂരെയാണ്. അവിടേയും പോയിരുന്നു.

ഒരു ചെറിയ മസ്ജിദ്. പുതിയ സ്ഥലമെടുത്തിട്ടുണ്ട്. ഈ സ്ഥലം മൂന്നര ഏക്കറാണ്. ബിൽഡിംഗും കുറെ വലുതാണ്. പക്ഷേ, ഇതിൽ മസ്ജിദില്ല. പ്രത്യുത കെട്ടിടം വാങ്ങിയതാണ്. ഈ സ്ഥലം നാലേമുക്കാൽ ഏക്കറാണ്. മൂന്നരയല്ല. 13000 ചതുരശ്രഅടി വിസ്തൃതിയുള്ള ഒരു കെട്ടിടമുണ്ട്. മൾട്ടിപർപസ് ഹാളുണ്ട്. ഓഫീസുകളുണ്ട്. ലോബികളുണ്ട്. എന്തായാലും ഇവിടെ മസ്ജിദിന്റെ രൂപം നല്കുന്നതിന് ഒരു ഗുമ്പദും മിനാരവും നിർമിക്കാൻ പരിപാടിയുണ്ട്. ഇതു നല്ലൊരു സ്ഥലമാണ്. എനിക്കും അവിടെ മഗ്രിബും ഇശായും നമസ്കരിക്കാൻ അവസരം ലഭിച്ചു.

ഒരു അതിഥി ഏബി കിർക്കന്റൽ സാഹിബ (Abby Kirkendall)ഇവരെ കുറിച്ച് മുമ്പേയും പറഞ്ഞതാണ് ഫോർട്ട് വേർത്തിൽ താമസിക്കുന്നു. ഡല്ലസ്സ് മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ വന്നിരുന്നു. അവർ പറയുന്നു, ജമാഅത്തിന്റെ ഇമാം ദൈവേച്ഛ അനുസരിച്ച് പരസ്പരം ഒത്തുചേർന്ന് പ്രവൃത്തിക്കുന്നതിലേക്കുള്ള സന്ദേശം വളരെ നല്ല രീതിയിൽ നല്കി. സമാധാനത്തിന്റേയും ന്യൂക്ലിയർ യുദ്ധത്തിൽനിന്നുള്ള രക്ഷയുടെയും സന്ദേശം എന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നു. ആരൊക്കെയാണോ ഈ യുദ്ധത്തിന്റെ ഭാഗമാകുന്നത് അവർ നാശത്തിൽ ചെന്നു പതിക്കുമെന്ന അദ്ദേഹത്തിന്റെ സന്ദേശം വളരെ ഗംഭീരമായിരുന്നു.

(തുടരും)

പേജ് 1 ൽ നിന്ന്

നിലയുള്ള മുഅ്മിനുവേണ്ടി ഈ പദമുപയോഗിക്കുമ്പോൾ അതിന്റെ അർഥം എന്റെ തെറ്റുകുറ്റങ്ങളെ പൊതിഞ്ഞുവെച്ചുകൊണ്ട് എനിക്ക് ഉന്നത ദർജ പ്രാപിക്കാനുള്ള തൗഫീഖ് തരേണമേ എന്നായിരിക്കും. സാധാരണക്കാരനായ മുഅ്മിനുവേണ്ടി ഈ പദമുപയോഗിക്കുമ്പോൾ അതിന്റെ അർഥം എന്റെ ചുവടുകളെ ഈമാനിൽ ഉറപ്പിച്ചു നിറുത്തേണമേ എന്നായിരിക്കും. എന്റെ പാപം എന്നെ എവിടേയുംകൊണ്ടു പോയി മുക്കിക്കളയാതിരിക്കേണമേ!ഒരു സത്യാന്വേഷിക്കു വേണ്ടി ഈ പദമുപയോഗിക്കുമ്പോൾ അതിന്റെ അർഥം ഹിദായത്തു പ്രാപിക്കുന്നതിൽനിന്ന് തടസ്സമുണ്ടാകാതിരിക്കാൻ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ എന്നായിരിക്കും. ഈ പദത്തിന്റെ ഉപയോഗം വിവിധ അവസരങ്ങളുടെ അടിസ്ഥാനത്തിൽ ജബ്ബാർ എന്ന പദം ഉപയോഗിക്കുന്നതുപോലെയാണ്. 'ജബ്ബാർ' എന്ന പദം അല്ലാഹുവിനുവേണ്ടി ഉപയോഗുക്കുമ്പോൾ അതിന്റെ അർഥം മുസ്‌ലിഹ് അഥവാ പരിവർത്തനകാരി എന്നായിരിക്കും. ഇതു മനുഷ്യർക്കുവേണ്ടി ഉപയോഗിക്കുമ്പോൾ അതിന്റെ അർഥം ധിക്കാരിയെന്നും നിയമലംഘകനെന്നുമായിരിക്കും. എപ്പോഴും ഓർമവെക്കേണ്ടതാണ്, അല്ലാഹു തന്റെ നബിമാരെ കുറിച്ച് പറയുന്നു;*അല്ലാഹു യജ്തബീ മിൻർറുസുലിഹീ* അപ്പോൾ അല്ലാഹു അവരെ തിരഞ്ഞെടുക്കുമ്പോൾ അവരിൽപ്പിന്നെ പാപം എവിടന്ന് വരാനാണ്. അവർ തങ്ങളെ ദുൻയാവിൽനിന്ന് വേർപ്പെടുത്തി അല്ലാഹുവിന്റെ അടുത്ത് ഇരുത്തിയിരിക്കുമ്പോൾ അവരുടെ അടുത്ത് ശയ്ത്വാൻ എവിടെനിന്ന് വരാനാണ്. ശയ്ത്വാൻ അല്ലാഹുവിന്റെ പേരു കേൾക്കുമ്പോൾത്തന്നെ ഓടിക്കളയുന്നു. മറ്റൊരു സ്ഥലത്ത് പറഞ്ഞു:*ഇന്ന ഇബാദീ ലയ്സലക്ക അലയ്ഹിം സുൽത്വാനുൻ* എന്റെ ദാസന്മാരുടെമേൽ തീർച്ചയായും നിനക്ക് ഒരു നിയന്ത്രണവുമുണ്ടാകുകയില്ല. അപ്പോൾ നിയമം ഇതാകുമ്പോൾ ഏറ്റവും താഴേപടിയിലുള്ള ദാസത്വത്തിന്റെ സ്ഥാനത്താകുമ്പോൾ അല്ലാഹു അവനെയും ശയ്ത്വാനിന്റെ നിയന്ത്രണത്തിൽനിന്ന് സുരക്ഷിതനാക്കി വെക്കുന്നു. അങ്ങനെ വരുമ്പോൾ അല്ലാഹുവിന്റെ പ്രത്യേക കാവലിലുള്ള നബിമാരുടെ അടുത്തൂടെ ശയ്ത്വാൻ എങ്ങനെ സഞ്ചരിക്കാനാണ്.' (തഫ്സീറെ കബീർ, വാള്യം 3, പേജ് 498, പ്രസാധനം 2010, ഖാദിയാൻ)

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

The Weekly BADR Qadian (Malayalam)

*https://www.akhbarbadrqadian.in/*

## ത്വാലിബെ ദുആ

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

**(മൽഫൂദാത്ത് വാള്യം 1, പേജ് 64)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • ഹദീഥുന്നബ്‌വി(സ): •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

**(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

**ത്വാലിബെ ദുആ: K.Muhammad Shareef &Family Ahmadiyya Jama-ath Vaniyambalam, Kerala**

പേജ് 8 ൽ നിന്ന്

ഇന്നു ജനാസയോടപ്പം പോയത്? ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു, 'ഞാൻ പോയിരുന്നു.' നബി(സ)തിരുമേനി ചോദിച്ചു നിങ്ങളിലാരാണ് ഇന്ന് ഏതെങ്കിലും അതിഥിക്ക് ഭക്ഷണം കൊടുത്തത്? ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ഞാൻപോയിരുന്നു.' നബി(സ)തിരുമേനി ചോദിച്ചു: ഇന്ന് ആരാണ് ഏതെങ്കിലും രോഗിയെ സന്ദർശിച്ചത്? ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: ഞാൻ സന്ദർശിച്ചിരുന്നു.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:

'ആരിലാണോ ഈ കാര്യങ്ങളെല്ലാം ഒരുമിച്ചു കൂടിയിട്ടുള്ളത് അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.' (സ്വഹീഹ് മുസ്‌ലിം, കിതാബു ഫളായിലുസ്സഹാബ ഹദീഥ് നമ്പർ 4386, മുത്തർറജിം ഉർദു. പ്രസാധാകർ നൂർ ഫൗണ്ടേഷൻ, വാല്യം 13, പേജ് 7) ഇത് സ്വഹീഹ് മുസ്‌ലിമിലുള്ള നിവേദനമാകുന്നു.

ഹദ്റത്ത് അബൂ ഹുറയ്റയിൽനിന്ന് നിവേദനം. നബി (സ)തിരുമേനി പറഞ്ഞു. ജിബ്‌രീൽ എന്റെ അടുത്തുവന്നു. അദ്ദേഹം എന്റെ കൈ പിടിച്ചു. എന്റെ ഉമ്മത്ത് പ്രവേശിക്കുന്ന സ്വർഗ്ഗീയ കവാടം എനിക്ക് കാണിച്ചുതന്നു. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു. അത് കാണാൻ ഞാനും താങ്കളുടെ കൂടെ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! നബി(സ)തിരുമേനി പറഞ്ഞു: 'അബൂബക്റേ. എന്റെ ഉമ്മത്തിൽ ഏറ്റവുമാദ്യം നിങ്ങളായിരിക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കുക.' (കൻസുൽഉമ്മാൽ വാല്യം 6, ഭാഗം 11, പേജ് 544, നിവേദനം 32551, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 2004)

ഇതിനെ കുറെ കൂടി വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ)തിരുമേനി ഒരിക്കൽ സദസ്സിൽ ഇരിക്കുകയായിരുന്നു. നബി(സ)തിരുമേനിയുടെ ചുറ്റുപാടും. സ്വഹാബാക്കളും ഇരിക്കുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി സ്വർഗ്ഗത്തിൽ ഇങ്ങനെയെല്ലാം ആയിരിക്കും എന്ന പറഞ്ഞുകൊണ്ട് അല്ലാഹു അങ്ങയ്ക്ക് വിധിച്ചിട്ടുള്ള അനുഗ്രഹങ്ങളെ കുറിച്ച് പരാമർശിച്ചു. ഹദ്റത്ത് അബൂബക്ർ(റ) ഇതു കേട്ടപ്പോൾ പറഞ്ഞു, 'യാ റസൂലല്ലാഹ്! ഞാനും സ്വർഗത്തിൽ അങ്ങയോടൊപ്പം ഉണ്ടാകാൻ ദുആ ചെയ്താലും.' ചില നിവേദങ്ങളിൽ മറ്റൊരു സ്വഹാബിയുടെ പേരും വരുന്നുണ്ട്. ചില നിവേദനങ്ങളിൽ ഹദ്റത്ത് അബൂബക്റിന്റെ പേരാണുള്ളത്. നബി(സ)തിരുമേനി പറഞ്ഞു: 'താങ്കളെന്നോടൊപ്പം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെയാകാൻ ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നുമുണ്ട്.' നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞപ്പോൾ സ്വാഭാവികമായും മറ്റു സ്വഹാബാക്കളുടെ ഹൃദയത്തിലും തങ്ങൾക്കുവേണ്ടിയും നബി(സ)തിരുമേനിയെക്കൊണ്ട് ദുആ ചെയ്യിക്കണമെന്ന് ആഗ്രഹമുണ്ടായി. സ്വർഗ്ഗത്തിൽ നബി(സ) തിരുമേനിയോടൊപ്പം കഴിയാൻ തങ്ങൾക്ക് എങ്ങനെ കഴിയും എന്നായിരുന്നു ആദ്യം അവർ ചിന്തിച്ചത്. എന്നാൽ, ഹദ്റത്ത് അബൂബക്ർ(റ) ചില നിവേദനങ്ങൾ അനുസരിച്ച് മറ്റൊരു സ്വഹാബി അക്കാര്യം നബി(സ)തിരുമേനിയോടു ദുആക്കുവേണ്ടി അപേക്ഷിച്ചപ്പോൾ അത് അവർക്ക് ഒരു മാതൃകയായി. അത് അസാധ്യമല്ലെന്നും, സാധ്യമാണെന്നും അവർക്ക് ബോധ്യമായി. അങ്ങനെ മറ്റൊരു സ്വഹാബി പറഞ്ഞു. യാ റസൂലല്ലാഹ്! അല്ലാഹു സ്വർഗ്ഗത്തിൽ എന്നെയും അങ്ങയോടൊപ്പം കടക്കാൻ ദുആ ചെയ്താലും. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു നിനക്കുമേലും കാരുണ്യം ചെയ്യട്ടെ. ആദ്യം പറഞ്ഞ സ്വഹാബി ദുആ നേടിയിരിക്കുന്നു.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 19, പേജ് 427-428)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു: ഇന്ന ഇബാദത്ത് കൂടുതലായി അനുഷ്ഠിക്കുന്ന ആൾ ഇന്ന കവാടത്തിലൂടെ പ്രവേശിക്കുന്നതാണ്. ഇന്ന ഇബാദത്ത് കൂടുതലായി അനുഷ്ഠിച്ച ആൾ ഇന്ന വാതിലിലൂടെ പ്രവേശിക്കും. ഇങ്ങനെ നബി(സ)തിരുമേനി വിവിധ ഇബാദത്തുകളുടെ പേരെടുത്തുകൊണ്ട് പറഞ്ഞു. സ്വർഗ്ഗത്തിലെ ഏഴ് കവാടങ്ങളിലൂടെ വ്യത്യസ്ത സൽകർമങ്ങൾ ധാരാളമായി ചെയ്ത ആളുകൾ പ്രവേശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്ർ(റ) സദസ്സിൽ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! വിവിധ കവാടങ്ങളിലൂടെ പ്രവേശിക്കുന്നവർ വിവിധ ഇബാദത്തുകളിൽ ആധിക്യമുള്ളവരായിരിക്കും. എന്നാൽ, ആരെങ്കിലും ഈ എല്ലാ ഇബാദ ത്തുകളിലും ആധിക്യമുള്ളവനാണെങ്കിൽ അവരോട് എങ്ങനെയാണ് പെരുമാറുക. നബി(സ) തിരുമേനി പറഞ്ഞു. അവർ സ്വർഗ്ഗത്തിലെ ഏഴ് കവാടങ്ങളിലൂടെയും പ്രവേശിപ്പിക്കപ്പെടുന്നതാണ്. അബൂബക്റേ താങ്കൾ അവരിലായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 18, പേജ് 624)

ഈ അനുസ്മരണം ഇൻശാഅല്ലാഹ് തുടരുന്നതാണ്. ഇനി ഞാൻ ചില പരേതാത്മാക്കളെ കുറിച്ച് അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. പിന്നീട് ഞാൻ അവരുടെ ജനാസയും നമസ്കരിക്കുന്നുന്നതാണ്.

ആദ്യത്തെ അനുസ്മരണം ഇന്തൊനേഷ്യൻ അമീർ ജനാബ് അബ്ദുൽ ബാസിത് സാഹിബിനെ കുറിച്ചാണ്. ഒക്ടോബർ എട്ടാം തിയതി 71-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം മൗലവി അബ്ദുൽ വാഹിദ് സുമാട്രി സാഹിബിന്റെ മകനാണ്. FA വരെ പഠിച്ചതിനുശേഷം 21-ാമത്തെ വയസ്സിൽ 1972-ൽ സെപ്റ്റംബർ 20-നു ജാമിഅ അഹ്മദിയ്യാ റബ്വയിൽ ചേർന്നു. 1981 ആരംഭത്തിൽ ജാമിഅ അഹ്മദിയ്യാ റബ്വയിൽനിന്ന് ശാഹിദ് പരീക്ഷ പാസ്സായി. 1981-ൽ മുബല്ലിഗ് ആയി തന്റെ സ്വദേശമായ ഇന്തൊനേഷ്യയിലേക്ക് തിരിച്ചു വന്നു. 1987-ൽ ഇന്തൊനേഷ്യൻ മജ്‌ലിസെ തബ്‌ലീഗിന് ആമിലായയുടെ അഭിപ്രായ പ്രകാരം തായ്‌ലൻഡിൽ തബ്‌ലീഗിനുവേണ്ടി ഒരു ഇന്തൊനേഷ്യൻ മുബല്ലിഗിനെ കോലാലംബൂരിലെക്ക് മലേഷ്യൻ Nationality വാങ്ങി അയക്കാമെന്നും തീരുമാനിച്ചു. അതിനുവേണ്ടി ഇദ്ദേഹത്തിന്റെ പേരാണ് നിർദേശിക്കപ്പെട്ടത്. അങ്ങനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)അംഗീകാരം നൽകുകയും അദ്ദേഹത്തെ Thailandൽ നിയമിക്കുകയും ചെയ്തു. പിന്നീട് വീണ്ടും ഇന്തൊനേഷ്യയിൽത്തന്നെ നിയമിതനായി. മരണം വരെയും ഇന്തൊനേഷ്യയിൽത്തന്നെയായിരുന്നു. ഒരു നീണ്ടകാലം അമീർ എന്ന നിലയ്ക്ക് സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവനകാലം നാല്പതു വർഷമാണ്. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ മൂന്നു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്.

അദ്ദേഹത്തിന്റെ ഭാര്യ മൂസ്‌ലി വദി (Musliwati)സാഹിബ പറയുന്നു: "മർഹൂം ജമാഅത്തിന്റെ കാര്യത്തിൽ വളരെ ആർദ്ര മനസ്കനായിരുന്നു. എല്ലാ കാര്യത്തിലും എപ്പോഴും ജമാഅത്തിനെ മുന്തിച്ചിരുന്നു. ഒരു ഭാര്യ എന്ന നിലയ്ക്ക് അദ്ദേഹത്തിന് ജമാഅത്തിനോടുണ്ടായിരുന്ന അടുപ്പത്തെയും സ്നേഹത്തെയും കുറിച്ച് എനിക്കുറപ്പിച്ചു പറയാൻ കഴിയും.'

അദ്ദേഹത്തിന്റെ ഒരു സഹോദരപുത്രൻ ത്വാഹിർ സാഹിബ് പറയുന്നു: മർഹൂം കേന്ദ്രത്തിൽ നിന്നുവരുന്ന നിർദേശങ്ങളെ പൂർണമായും അനുസരിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം പറഞ്ഞു: കുടുംബത്തെ കാണുന്നതിനുവേണ്ടി മലേഷ്യയിൽ പോകാനുള്ള പ്രോഗ്രാം ഉണ്ടായിരുന്നു. വിമാന ടിക്കറ്റും എടുക്കുകയുണ്ടായി. ഏകദേശം ഒരാഴ്ചക്കുശേഷം അദ്ദേഹത്തെ കണ്ടപ്പോൾ ചോദിച്ചു: താങ്കളെന്തുകൊണ്ടാണ് മലേഷ്യയിൽ പോകാതിരുന്നത്. അദ്ദേഹം പറഞ്ഞു: 'കേന്ദ്രത്തിൽനിന്ന് കത്ത് വന്നിരുന്നു. അതിൽ പോകാനുള്ള അനുവാദം ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ മലേഷ്യയിൽ പോകാനുള്ള ആഗ്രഹം ഉപേക്ഷിച്ചു. ടിക്കറ്റിന്റെ കാര്യവും ഞാൻ ഗൗനിച്ചില്ല.' അദ്ദേഹത്തോടൊപ്പം ജോലി ചെയ്തിരുന്ന ഒരു ഭാരവാഹി പറയുന്നു: വളരെ സ്നേഹത്തോടെ ഞങ്ങൾക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി തരുമായിരുന്നു. അമീർ ജമാഅത്ത് ആയിരുന്നിട്ടും ജമാഅത്തിനോട് ആനുകൂല്യങ്ങൾ ആവശ്യപ്പെടാറില്ലായിരുന്നു. ജമാഅത്തിന്റെ ഭാഗത്തുനിന്ന് എന്താണോ ലഭിക്കുന്നത് അത് സസന്തോഷം ഉപയോഗപ്പെടുത്തുമായിരുന്നു. ലാളിത്യത്തിന് പ്രാധാന്യം നൽകിയിരുന്നു. ഓഫീസ് സമയങ്ങളിൽ അദ്ദേഹം സ്വയം ഞങ്ങളുടെ അടുത്തുവന്നിരിക്കുകയും കത്തുകൾ വായിച്ച് നോട്ട് എഴുതിക്കുകയും ചെയ്യുമായിരുന്നു. മുബല്ലിഗീങ്ങളെ വളരെയേറെ ബഹുമാനിച്ചിരുന്നു. വലിയ പണ്ഡിതനായിരുന്നു. എന്ത് തീരുമാനമെടുക്കുകയാണെങ്കിലും എപ്പോഴും ആമില മെമ്പർമാരുമാരുമായി കൂടിയാലോചന നടത്തുമായിരുന്നു. മാന്യനും വിനയാന്വിതനുമായ വ്യക്തിയായിരുന്നു. സൗഹൃദ മനോഭാവമുള്ള വ്യക്തിയും വലിയവരും ചെറിയവരുമായ എല്ലാവരോടും സൽസ്വഭാവത്തോടെ പെരുമാറുന്ന വ്യക്തിയും ആയിരുന്നു. ഖിലാഫത്തിനോട് അളവറ്റ സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ കൽപനതങ്ങളുടെ എല്ലാ അഭിപ്രായങ്ങളും മാറ്റിവെച്ച് ഉടൻതന്നെ പ്രാവർത്തികമാക്കുമായിരുന്നു. ജമാഅത്ത് വ്യവസ്ഥിതിക്ക് പ്രാധാന്യം നൽകിയിരുന്നു. ജമാഅത്തിന്റെ സമ്പത്തിനെ സൂക്ഷ്മമായ ദൃഷ്ടിയോടെ പൂർണമായി സംരക്ഷിക്കുമായിരുന്നു. അനുചിതമായ ഏത് കാര്യത്തേയും കർശനമായി എതിർക്കുമായിരുന്നു. അധികവും മറ്റാളുകളേക്കാൾ മുമ്പേതന്നെ ഓഫീസിലെത്തുമായിരുന്നു. എന്തെങ്കിലും കാരണത്താൽ അദ്ദേഹത്തിന് ഓഫീസിൽ വരാൻ കഴിയില്ലെങ്കിൽ മറ്റു സ്റ്റാഫുകളെയും തീർച്ചയായും അറിയിക്കുമായിരുന്നുവെന്ന് മാത്രമല്ല, അദ്ദേഹം ഓഫീസിൽ നിന്ന് എന്തെങ്കിലും കാര്യത്തിന് പുറത്തു പോവുകയാണെങ്കിൽ അത് കുറച്ചു നേരത്തേക്കാണെങ്കിലും ഓഫീസിലെ മറ്റു സ്റ്റാഫുകളെ അറിയിക്കുമായിരുന്നു. റിപ്പോർട്ടുകളും കത്തുകളും പരിശോധിക്കുമ്പോൾ അദ്ദേഹം വളരെ സൂക്ഷ്മതയോടെ പരിശോധിക്കുമായിരുന്നു. പൂർണമായും എല്ലാ കാര്യങ്ങളും പരിശോധിക്കുമായിരുന്നു. ഏതെങ്കിലും കാര്യത്തിൽ പെട്ടെന്നുള്ള നടപടി ആവശ്യമാണെങ്കിൽ രാത്രി വൈകുംവരെ ജോലിയിൽ മുഴുകുമായിരുന്നു. അഹ്മദികളെ സന്ദർ

ശിക്കാൻ പോകുമ്പോൾ എപ്പോഴും കുട്ടികൾക്കുവേണ്ടി സമ്മാനങ്ങൾ കൊണ്ടുപോകുമായിരുന്നു. എപ്പോഴും സ്നേഹത്തോടെയും വാത്സല്യത്തോടെയും പെരുമാറുമായിരുന്നു. മറ്റുള്ളവരെ എപ്പോഴും സന്തോഷിപ്പിക്കാൻ ശ്രമിക്കുന്ന ഒരു മാർഗദർശകനായിരുന്നു. അമീർ സാഹിബ് ഞങ്ങളുടെയും ഇന്തൊനേഷ്യയിലെ അഹ്മദികളുടെയും ആത്മീയ പിതാവായിരുന്നു. ജമാഅത്തിന്റെ വ്യവസ്ഥിതികളെയും കീഴ്വഴക്കങ്ങളെയും എപ്പോഴും മുന്തിക്കുമായിരുന്നു. ഒരു അമീറിൽ ഈ ഗുണങ്ങൾ തന്നെയാണ് ഉണ്ടാകേണ്ടതും. കോപം വരുമ്പോൾ മറ്റുള്ളവരുടെ വികാരങ്ങളെയും മാനിക്കുമായിരുന്നു. കോപത്തിൽ തോന്നുന്നതെന്തും വിളിച്ച് പറയുമായിരുന്നില്ല. സംസ്കരണം ലാക്കാക്കിയാണ് അദ്ദേഹം എന്തെങ്കിലും ശിക്ഷ നൽകിയിരുന്നത്. അദ്ദേഹത്തിന്റെ ലക്ഷ്യം ശത്രുതയോ വെറുപ്പോ അല്ല. പ്രത്യുത സംസ്കരണമായിരുന്നു.' പിന്നെ പറയുന്നു: ധാരാളം അഹ്മദികൾ ജമാഅത്തുപരമായ സ്വത്ത് വ്യവഹാരത്തിൽ അദ്ദേഹത്തോട് ഉപദേശം തേടുമായിരുന്നു. അദ്ദേഹം അസാധാരണമായ കഠിനാധ്വാനത്തോടും സ്നേഹവായ്പോടും കൂടി ഇന്തൊനേഷ്യയിലെ അഹ്മദികളെ പരിചരിച്ചു. ഒരു വർഷത്തോളം അസുഖ ബാധിതനായിരുന്നിട്ടും കഴിഞ്ഞ വർഷവും അദ്ദേഹം പതിവുപോലെ പല മീറ്റിങ്ങുകളിലും പര്യടനങ്ങളിലും പങ്കെടുക്കുകയും ജമാഅത്തുപരമായ സേവനത്തിൽ മുഴുകയും ചെയ്തിരുന്നു. അതിൽ ഒരു കുറവും വരുത്തിയില്ല.

ഇവിടെ ലണ്ടനിൽത്തന്നെ താമസിക്കുന്ന ഇന്തൊനേഷ്യൻ ഡെസ്കിലെ മഹ്മൂദ് വർദി സാഹിബ് പറയുന്നു: ഇദ്ദേഹത്തിന്റെ സ്വഭാവത്തിലെ ചില കാര്യങ്ങൾ വളരെ പ്രകടമാണ്. അതിലേറ്റവും പ്രകടമായത് ഇദ്ദേഹത്തിന്റെ വിശാലമായ അറിവാണ്. അറിവിനോട് ചങ്ങാത്തം സ്ഥാപിച്ച വ്യക്തിയായിരുന്നു. ഓരോ നിമിഷവും അറിവ് സമ്പാദനത്തിൽ തൽപരനായിരുന്നു. വ്യത്യസ്തമായ പല വിഷയങ്ങളിലും വിശാലമായ പാണ്ഡിത്യമുണ്ടായിരുന്നു. ഏതു വിഷയമാണെങ്കിലും അതിൽ പാണ്ഡിത്യത്തോടെ സംസാരിക്കാൻ കഴിയുമായിരുന്നു. ജമാഅത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നുള്ള അറിവിന് പുറമെ പൊതുവിജ്ഞാനത്തിലും അദ്ദേഹം പണ്ഡിതനായിരുന്നു. കൃത്യമായി പത്രം വായിക്കുമായിരുന്നു. ഇന്തൊനേഷ്യൻ ഭാഷയിലായാലും ഇംഗ്ലീഷിലായാലും ദേശീയവും അന്തർദേശീയവുമായ എല്ലാ വാർത്തകളും വായിക്കുമായിരുന്നു. പ്രഭഷണം ചെയ്യുമ്പോൾ വളരെ നേരം പ്രസംഗിക്കുമായിരുന്നില്ല, സമഗ്രമായി വളരെ ചുരുക്കി പ്രസംഗിക്കുമായിരുന്നു. എപ്പോഴും സാധാരണ വാക്കുകളിൽ താൻ പറയാൻ ഉദ്ദേശിക്കുന്ന കാര്യം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. എല്ലാ തരത്തിലുള്ള ആളുകൾക്കും അദ്ദേഹത്തിന്റെ പ്രഭാഷണം മനസ്സിലാകുമായിരുന്നു.' വീണ്ടും പറയുന്നു: 'വളരെ ലളിതമായി എന്നാൽ മാന്യതയോടെ വസ്ത്രം ധരിച്ചിരുന്നു. ഒരു തരത്തിലുള്ള ഔപചാരികതയും കൃത്രിമത്വവും അദ്ദേഹത്തിലുണ്ടായിരുന്നില്ല. ഏത് തരത്തിലുള്ള വ്യക്തികൾക്കും അദ്ദേഹത്തിനടുത്തിരുന്ന് ഔപചാരികതയൊന്നും കൂടാതെ സംസാരിക്കാമായിരുന്നു. എന്നാൽ, എപ്പോഴും അദ്ദേഹത്തിന്റെ സ്ഥാനമാനങ്ങളെ ആദരിച്ച് അദ്ദേഹത്തെ ബഹുമാനിച്ചുതന്നെ സംസാരിക്കുകയുണ്ടായിരുന്നുള്ളു.

ജാമിഅ അഹ്മദിയ്യായിലെ ഉസ്താദും ജമാഅത്തിന്റെ മുറബ്ബിയുമായ ഫള്ൽ ഉമർ ഫാറൂഖ് സാഹിബ് പറയുന്നു: എന്റെ കുട്ടിക്കാലത്ത് അമീർ സാഹിബിനോട് ഞാൻ അടുത്തു പെരുമാറിയിട്ടുണ്ട്. ഇന്തൊനേഷ്യയിലെ ജമാഅത്ത് വളരെ വിഷമഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ അദ്ദേഹം കഠിനാധ്വാനത്തിലൂടെയും ക്ഷമയോടെയും സഹനത്തോടെയും എല്ലാ അഹ്മദി സഹോദരങ്ങൾക്കും ധൈര്യം പകരുമായിരുന്നു. അവരെ ക്ഷമയോടെ ദുആ ചെയ്യാൻ ഉപദേശിച്ചുകൊണ്ടിരുന്നു. ദുആ ചെയ്യുമ്പോഴെല്ലാം വളരെ ആർദ്രഭാവത്തോടെയും വിനയത്തോടെയുമാണ് ചെയ്തിരുന്നത്. എപ്പോഴും സമയത്തിന് നമസ്കരിക്കാൻ മസ്ജിദിൽ എത്തുമായിരുന്നു. വാഖിഫീനെ സിന്ദഗികളെ കരുതലോടെ പരിഗണിക്കുമായിരുന്നു. ഏതെങ്കിലും മുറബ്ബി ഫീൽഡിലേക്ക് പോകുമ്പോൾ അദ്ദേഹം തന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും ഉപഹാരം തീർച്ചയായും നൽകുമായിരുന്നു.

സയ്ഫുല്ലാഹ് മുബാറക് സാഹിബ് പറയുന്നു: ഇദ്ദേഹവും ജാമിഅയിലെ ഉസ്താദാണ്. പറയുന്നു; മൗലാനാ അബ്ദുൽ ബാസിത് സാഹിബ് ജീവിതം വഖ്ഫു ചെയ്തവർക്ക് ഒരു ഉന്നതമായ മാതൃകയാണ്. ജമാഅത്തിന്റെ എല്ലാ പ്രോഗ്രാമുകളിലും എപ്പോഴും പങ്കെടുക്കുമായിരുന്നു. എല്ലാവരോടും സൗമ്യമായും ആദരവോടെയും സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ വരവോടെ ഏതു മജ്‌ലിസിലും ഒരു ചൈതന്യമുണ്ടാകുമായിരുന്നു. എപ്പോഴും പുഞ്ചിരിക്കുമായിരുന്നു.' പറയുന്നു: 'ഞങ്ങൾ ജാമിഅ അഹ്മദിയ്യയിൽ വിദ്യാർഥികളായിരിക്കുന്ന കാലത്ത് മഗ്‌രിബിന് ശേഷം ഞങ്ങളുടെകൂടെ ഇരിക്കുകയും വിശേഷങ്ങൾ ചോദിക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു.

ജമാഅത്തിന്റെ മുറബ്ബി നൂറുദ്ദീൻ സാഹിബ് പറയുന്നു: അദ്ദേഹവും ഇതുതന്നെയാണ് എഴുതിയിരിക്കുന്നത്. അദ്ദേഹം തന്റേതായ മാതൃക സ്ഥാപിച്ച ഒരു അമീറായിരുന്നു. അദ്ദേഹം തുടരുന്നു: 2018-ൽ ഞങ്ങളുടെ മസ്ജിദിന് തറക്കല്ലിട്ടു. ആ സമയത്ത് ഞങ്ങളുടെ കൈയിൽ ആറു കോടി രൂപയുണ്ടായിരുന്നു. ഇന്തൊനേഷ്യയിൽ പണത്തിന് മൂല്യം വളരെ കുറവാണ്. അതുകൊണ്ട് അവർ കോടികളിലും ശതകോടികളിലുമാണ് സംസാരിക്കുക. പറയുന്നു; ആറു കോടി ഉണ്ടായിരുന്നു. മസ്ജിദ് നിർമിക്കുന്നതിന് നൂറ്റിയമ്പത് (ഒന്നര ബില്യൺ) കോടിയുടെ ആവശ്യമുണ്ടായിരുന്നു. അമീർ സാഹിബ് ഉപദേശിച്ചുകൊണ്ട് പറഞ്ഞു: മസ്ജിദ് നിർമിക്കുന്നതിന് എത്ര രൂപയാണോ ലഭിക്കുന്നത് അതുകൊണ്ട് തന്നെ മസ്ജിദിന്റെ നിർമാണം ആരംഭിക്കാം. അതിനുശേഷം അല്ലാഹുവിന്റെ സഹായത്തിന്റെ ദൃശ്യങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നതായിരിക്കും. ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. ഒന്നര ബില്യനാണ് ബജറ്റ് എങ്കിലും നിങ്ങളുടെ പക്കൽ ഇപ്പോൾ ആറു കോടിയുണ്ടല്ലോ. ഇത് പത്തിൽ ഒന്ന് പോലും അല്ല. മൂന്ന് നാല് ശതമാനം മാത്രമാണത്. ഇങ്ങനെ ഉപദേശിച്ചതിനുശേഷം അദ്ദേഹം തന്റെ പോക്കറ്റിൽനിന്നു പേഴ്സെടുത്ത് കുറച്ച് പണം മസ്ജിദിന് നൽകി. അപ്പോൾത്തന്നെ ജമാഅത്ത് സഹോദരങ്ങൾ മത്സരിച്ച് തങ്ങളുടെ വിഹിതങ്ങൾ നൽകാൻ തുടങ്ങി. അങ്ങനെ രണ്ടു വർഷംകൊണ്ട് എൺപത് ശതമാനത്തോളം നിർമാണം പൂർത്തിയായി. പിന്നെ പകർച്ചവ്യാധിയുടെ കാലഘട്ടം വന്നു. ജനങ്ങളുടെ വരുമാനം കുറയുകയും പണി നിലയ്ക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: ഞങ്ങൾ വീണ്ടും അദ്ദേഹത്തിന്റെ അടുത്തുപോയി. ഞങ്ങൾ മസ്ജിദിന്റെ നിർമാണം പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ, ഇനിയും പതിനഞ്ചു കോടി രൂപയുടെ ആവശ്യമുണ്ട്; 150 മില്യൺ. കേന്ദ്രം ഞങ്ങളെ സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, അമീർ സാഹിബ് പറഞ്ഞു. കേന്ദ്രം സഹായിക്കില്ല. മറ്റുള്ളവരോട് ആവശ്യപ്പെടാതെതന്നെ ഈ തുക നിങ്ങൾക്ക് സ്വരൂപിക്കാൻ കഴിയും. അദ്ദേഹം ചോദിച്ചു. എത്ര അഹ്മദികളുണ്ട്. ഞാൻ പറഞ്ഞു. 160 അഹ്മദികളുണ്ട്. ഇതു കേട്ടപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. ഓരോ വ്യക്തിയോടും പത്ത് മില്യൺ നൽകാൻ ആവശ്യപ്പെട്ടാൽ ഈ തുക സ്വരൂപിക്കാം. ഇത് ഏകദേശം നൂറു പൗണ്ട് അല്ലെങ്കിൽ 125 പൗണ്ടിന് സമമാണ്. പറയുന്നു: ആരംഭത്തിൽ ഇത്ര എളുപ്പത്തിൽ ഈ ജോലി നടക്കുമെന്ന് ഞങ്ങൾ കരുതിയില്ലായിരുന്നു. എന്നാൽ, ഈ ഉപദേശമനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ ജമാഅത്തിലെ സഹോദരങ്ങളുടെ ഹൃദയങ്ങളിൽ ഒരു സ്നേഹവും ആവേശവും നിറയ്ക്കപ്പെടുകയും തങ്ങളുടെ ഏറ്റവും മികച്ച സമ്പാദ്യം മസ്ജിദിനുവേണ്ടി സമർപിക്കുകയും ചെയ്തു. ഇതുകൂടാതെ അദ്ദേഹം തന്റെ ഭാഗത്തുനിന്നു മസ്ജിദിന് അത്യാവശ്യം പണം നൽകുകയുണ്ടായി. അങ്ങനെ മൂന്ന് വർഷത്തിനുള്ളിൽ ഫെബ്രുവരിയിൽ മസ്ജിദിന്റെ നിർമാണം പൂർത്തിയായി.

ജമാഅത്തിലുള്ളവരോട് മാത്രമല്ല മറ്റുള്ളവരുമായും അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. മതകാര്യവകുപ്പിന്റെ മുൻ മന്ത്രി ഹക്കീം സയ്ഫുദ്ദീൻ സാഹിബ് പറയുന്നു: 'ഇദ്ദേഹം അഹ്മദി അല്ല. പറയുന്നു: 'ഞാൻ പരേതനെ ദേശീയ തലത്തിലുള്ള ഒരു വ്യക്തിത്വമായി കണക്കാക്കുന്നു. അദ്ദേഹം എപ്പോഴും മനുഷ്യത്വത്തിന് മുൻഗണന നൽകിയിരുന്നു. അദ്ദേഹം പോകുന്നിടത്തെല്ലാം നമ്മൾ പരസ്പരം സഹിഷ്ണുതയോടേയും പരസ്പര വികാരങ്ങളെ മാനിച്ചുകൊണ്ടും എങ്ങനെയാണ് മനുഷ്യത്വത്തെ ബഹുമാനിക്കേണ്ടതെന്നതിന് കുറിച്ച് ഊന്നി സംസാരിച്ചിരുന്നു. പറയുന്നു: എന്റെ കാഴ്ചപ്പാടിൽ ഈ കാര്യങ്ങൾ നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്. അദ്ദേഹത്തിന്റെ കാലടികളെ പിന്തുടർന്ന് അദ്ദേഹത്തിന്റെ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുക എന്നത് അഹ്മദികളുടെ മാത്രമല്ല പ്രത്യുത ഇന്തൊനേഷ്യയിലെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്. നമ്മുടെ ഇടയിലുള്ള ഭിന്നിപ്പുകൾ നമ്മുടെ ഇടയിൽ വെറുപ്പിന് ആക്കം കൂട്ടുകയും മനുഷ്യത്വത്തെ അപമാനിതമാക്കുകയും ചെയ്യുന്നു. അത്തരം കാര്യങ്ങളെ നാം അവഗണിക്കേണ്ടതാണ്.

ഇന്തൊനേഷ്യയിലെ ട്യുണീഷ്യയുടെ അംബാസിഡർ എഴുതുന്നു: നബി(സ)തിരുമേനിയോടും അവിടത്തെ കുടുംബത്തിനോടും ഉലമാക്കളെയും എങ്ങനെയാണ് സ്നേഹിക്കേണ്ടതെന്നും എങ്ങനെയാണ് അവരുടെ ഉന്നതമായ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടതെന്നും ഞാൻ അമീർ സാഹിബിൽ നിന്നാണ് പഠിച്ചത്. അഹ്മദികളുടെമേൽ അതിക്രമം ചെയ്യപ്പെട്ടുവെങ്കിലും അവരെ അസഭ്യം പറഞ്ഞു. ഇന്തൊനേഷ്യയിൽ അവർക്കെതിരിൽ വളരെയധികം അതിക്രമം പ്രവർത്തിക്കപ്പെട്ടു. എന്നാൽ, വളരെ ധൈര്യത്തോടെ ഇദ്ദേഹം ആ കാലഘട്ടം കഴിച്ചുകൂട്ടി. വളരെ പക്വത

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 24 Nov-01 Dec 2022 Issue-47-48

**MANAGER**
**SHAIKH MUJAHID AHMAD**

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

യോടെ എല്ലാ അഹ്മദികളെയും അദ്ദേഹം സംരക്ഷിച്ചു. എന്തായാലും ഇദ്ദേഹം എഴുതുന്നു, അഹ്മദികൾ വളരെയധികം അതിക്രമത്തിനും അസഭ്യവർഷത്തിനും അനീതിക്കും ഇരയായി എങ്കിലും ഏത് അവസ്ഥയിലും നമ്മൾ വിശ്വസ്തതയോടും കൂറോടും ദീനിനെയും രാജ്യത്തിനെയും മനുഷ്യത്വത്തേയും സേവിക്കേണ്ടതാണെന്ന് അമീർ സാഹിബ് നമുക്ക് പഠിപ്പിച്ചുതന്നു. എന്തെന്നാൽ മുഴുലോകത്തും അഹ്മദികളുടെ മുദ്രാവാക്യം Love For All Hatred For none എന്നാകുന്നു. അമീർ സാഹിബ് അല്ലാഹുവിന് പ്രിയപ്പെട്ട വ്യക്തിയും പണ്ഡിതനും ലളിതമായ പ്രകൃതത്തിന് ഉടമയും സാത്വികന ുമായിരുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ദേശീയ തലത്തിലെ ഒരു സംഘടനയുടെ നേതാവ് നിയാ ശരീഫുദ്ദീൻ സാഹിബ എഴുതുന്നു: അമീർ സാഹിബ് സംസാരിക്കുന്ന രീതി വളരെ ആഴത്തിൽ സ്വാധീനം ചെലുത്തുന്നതായിരുന്നു. അദ്ദേഹം വളരെ സൗമ്യതയോടും അച്ചടക്കത്തോടും സംസാരിക്കുമായിരുന്നു എങ്കിലും അതിൽ ദേശസ്നേഹത്തിന്റെ വികാരങ്ങൾ പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ Love For All Hatred For none വ്യക്തമായിരുന്നു. അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നുവെന്നും എപ്പോഴും ഈമാനോടുകൂടിയും സ്നേഹത്തോടുകൂടിയും സംസാരിക്കുന്ന വ്യക്തിയായിരുന്നുവെന്നും ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

മിഅ്റാജുദ്ദീൻ ശാഹിദ് സാഹിബ് പറയുന്നു: അദ്ദേഹം അമീർ ആയിരുന്ന കാലത്ത് ഇന്തൊനേഷ്യയിൽ അഹ്മദിയ്യ ജമാഅത്തിന്നെതിരിൽ വളരെയധികം എതിർപ്പുകളുണ്ടാകുകയും ഇന്തൊനേഷ്യയിൽ പല സ്ഥലങ്ങളിലും അഹ്മദികൾ ആക്രമണത്തിന്നിരയാകുകയും ചെയ്തു. അദ്ദേഹം വളരെ ധൈര്യത്തോടും ക്ഷമയോടും അതിനെ നേരിട്ടു. സർക്കാർ ഉദ്യോഗസ്ഥരും അദ്ദേഹത്തെ ബഹുമാനിക്കുമായിരുന്നു. ഇത് അദ്ദേഹം അവരുമായി പുലർത്തിയിരുന്ന നല്ല ബന്ധം കാരണമായിരുന്നു.

ഇന്തൊനേഷ്യാ ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാൾ അവസും സാഹിബ് എഴുതുന്നു: അമീർ സാഹിബിന് ഖിലാഫത്തിനോട് അളവറ്റ സ്നേഹമായിരുന്നു. അയൽക്കാരനായതുകൊണ്ട് നമസ്കാരത്തിന് മസ്ജിദിലേക്ക് പോകുമ്പോൾ അധികവും എന്റെ കൂടെ ഉണ്ടാകുമായിരുന്നു. അദ്ദേഹം പര്യടനത്തിന് പോകുമ്പോൾ ഞാൻ ഇന്ന ജമാഅത്തിൽ പര്യടനത്തിന് പോകുകയാണെന്ന് എന്നെ അറിയിച്ചിട്ട് പോകുമായിരുന്നു. എന്നോടും പര്യടനത്തിനു പോകാൻ പറയുമായിരുന്നു. ജാമിഅ അഹ്മദിയ്യയെ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. ജാമിഅ അഹ്മദിയ്യ ബോർഡ് മെമ്പറായതുകൊണ്ട് വിദ്യാർഥികളെ ഇന്റർവ്യൂ ചെയ്യുമ്പോൾ നിങ്ങൾ മുബല്ലിഗ് ആകാനാണ് വന്നിരിക്കുന്നത്, അതുകൊണ്ട് ജമാഅത്തുകൾക്ക് എല്ലാ വിധത്തിലും മാതൃകകളാകാൻ ശ്രമിക്കേണ്ടതാണെന്ന് പറയുമായിരുന്നു. പറയുന്നു: ഇന്ന വിദ്യാർഥിക്ക് ഏത് കാര്യത്തിലാണ് ബലഹീനതയുള്ളത്? അതെങ്ങനെയാണ് ശരിയാക്കേണ്ടത്? എന്നെല്ലാം എനിക്കും വ്യക്തിപരമായും മാർഗ്ഗനിർദ്ദേശം നൽകുമായിരുന്നു. ജാമിഅയിലെ വിദ്യാർത്ഥികളോട് പ്രത്യേക പരിഗണനയുണ്ടായിരുന്നു.

അമേരിക്കയിലെ മുറബ്ബി സിൽസില ഇർശാദ് മൽഹി സാഹിബ് പറയുന്നു: ഞാൻ ജാമിഅയിൽ ബാസിത് സാഹിബിന്റെ സഹപാഠിയായിരുന്നു. റൂംമേറ്റുമായിരുന്നു. എനിക്ക് അദ്ദേഹത്തോടൊപ്പം വളരെ അടുത്ത് പെരുമാറാൻ അവസരം ലഭിച്ചിട്ടുണ്ട്. വളരെ ബുദ്ധിമാനായ സൽസ്വഭാവിയും സൗഹൃദമനോഭാവമുള്ള സുസ്മേരവദനനുമായിരുന്നു അദ്ദേഹം. പ്രഗത്ഭനായ ബാഡ്മിന്റൺ പ്ലയർ ആയിരുന്നു. റബ്വയിൽ എപ്പോഴും വിജയം നേടുമായിരുന്നു. അദ്ദേഹം എന്നോട് ഇപ്രകാരം പറഞ്ഞിരുന്നു; അദ്ദേഹം ഇന്തൊനേഷ്യയിൽ നിന്ന് റബ്വയിലേക്ക് ജാമിഅയിൽ ചേരാൻ തയ്യാറെടുക്കുമ്പോൾ കളിക്കാരൻ എന്ന നിലയിൽ ഒരു കമ്പനിയിൽനിന്ന് ഒരു വലിയ ഓഫർ ലഭിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് മൗലാനാ അബ്ദുൽ വാഹിദ് സാഹിബ് തന്റെ മകൻ അബ്ദുൽ ബാസിത് ഈ ഓഫർ സ്വീകരിച്ച് ജാമിഅയിൽ ചേരാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തുമോ എന്ന് ചിന്തിച്ച് അസ്വസ്തനായി. തന്റെ പിതാവിന്റെ അസ്വസ്ഥത കണ്ടപ്പോൾ താനൊരിക്കലും ലൗകിക ലാഭങ്ങൾക്ക് ദീനിനെ ഉപേക്ഷിക്കില്ലെന്ന് അദ്ദേഹത്തെ വിശ്വസിപ്പിക്കുകയും പ്രതിജ്ഞ എടുക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ഒരു വലിയ സാമ്പത്തിക ലാഭമാണ് ഉപേക്ഷിച്ചത്! അദ്ദേഹം എപ്പോഴും ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചു എന്നതിനും അദ്ദേഹം ഈ പ്രതിജ്ഞ പാലിച്ചു എന്നതിനും അദ്ദേഹത്തിന്റെ മുഴുവൻ ജീവിതവും സാക്ഷിയാണ്. ഖിലാഫത്തിനെ വളരെയധികം സ്നേഹിക്കുന്ന ഖിലാഫത്തിനു വേണ്ടി തന്നെ അർപ്പിച്ച വ്യക്തിയുമായിരുന്നു. വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ ഖലീഫത്തുൽ മസീഹ് ഥാലിസു(റഹ്) മായി വളരെ അടുപ്പമുണ്ടായിരുന്നു. താങ്കൾ ഖലീഫത്തുൽ മസീഹ് ഥാലിസിന്റെ പ്രിയപ്പെട്ടവനല്ലെ എന്ന് ഞങ്ങൾ അദ്ദേഹത്തോടു തമാശ പറയാറുണ്ടായിരുന്നു. ഇതേ രീതിയിൽ ഓരോ ഖിലാഫത്ത് കാലഘട്ടത്തിലും അദ്ദേഹം വിശ്വസ്തയോടും കൂറോടും നിലകൊണ്ടു. അല്ലാഹു അദ്ദേഹത്തോട് കരുണയോടും പൊറുമയോടും കൂടി പെരുമാട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തെ പോലെയുള്ള വ്യക്തികളെയും മുബല്ലിഗീങ്ങളെയും അല്ലാഹു ജമാഅത്തിന് നൽകുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ഞാനും ഇദ്ദേഹത്തെ പൂർണ അനുസരണമുള്ള നിസ്വാർഥനായ വ്യക്തിയായി മാത്രമാണ് കണ്ടിട്ടുള്ളത്. പോകുന്നവരുടെ വിടവ് അല്ലാഹു നികത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മാതൃകകളെ ലോകത്തുള്ള എല്ലാ മുബല്ലിഗുമാരും തങ്ങളുടെ ജീവിതത്തിൽ പകർത്തേണ്ടതാണ്, പ്രത്യേകമായും ഇന്തൊനേഷ്യയിലെ മുബല്ലിഗീങ്ങൾ. ഇത് പഴയ കാലത്തെ കാര്യങ്ങളല്ല. വർത്തമാന കാലത്തും ദുൻയാവിനേക്കാൾ ദീനിനെ മുന്തിക്കുകയും വഖ്ഫിന്റെ കടമകൾ നിറവേറ്റുകയുംചെയ്ത വ്യക്തികളാണിവർ.

അടുത്ത അനുസ്മരണം സയ്നബ് റമളാൻ സാഹിബയെ കുറിച്ചാണ്. ഇവർ തൻസാനിയായിലെ മുറബ്ബിയെ സിൽസില യൂസുഫ് ഉഥ്മാൻ കാംബാലായ സാഹിബിന്റെ സഹധർമിണിയാണ്. 70-ാം വയസ്സിൽ കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇവരുടെ ഭർത്താവ് ഉഥ്മാൻ കാംബാലായ സാഹിബ് വിവരിക്കുന്നു. എന്റെ ഭാര്യ വളരെ നല്ല സാത്വികയും, ജമാഅത്തിന്റെ എല്ലാ ജോലികളിലും പങ്കെടുക്കുകയും അയൽക്കാരോട് വളരെ നല്ല നിലയിൽ ബന്ധം പുലർത്തുകയും ചെയ്തിരുന്നു. പാവപ്പെട്ടവരെയും അനാഥരെയും പരിപാലിച്ചിരുന്നു, മുറബ്ബിമാരെ ആദരിക്കുകയും സേവനം ചെയ്യുകയും ചെയ്തിരുന്നു, ചന്ദകളിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. ഞങ്ങൾ എവിടെയെല്ലാം താമസിച്ചിരുന്നുവോ അവിടെയെല്ലാം ജമാഅത്ത് ജോലികളിൽ എപ്പോഴും മുന്നിട്ടു നിന്നിരുന്നു, എല്ലാ അഹ്മദികളോടും വളരെ നല്ല രീതിയിൽ വർത്തിച്ചിരുന്നു. രണ്ടുരണ്ടര വർഷമായി ക്യാൻസർ രോഗ ബാധിതയായിരുന്നു. ചികിത്സ നൽകി വന്നിരുന്നു. വളരെ നല്ല ഡോക്ടർമാരുടെ ചികിത്സയാണ് ലഭിച്ചിരുന്നത്. എന്നാൽ, അല്ലാഹുവിന്റെ വിധിയനുസരിച്ച് കഴിഞ്ഞ ദിവസം മരണപ്പെട്ടു. അദ്ദേഹം എഴുതുന്നു: ജനാസയിൽ പങ്കെടുക്കുന്നതിന് ടപ്പൂർ തുടങ്ങി വിവിധ പ്രദേശങ്ങളിൽനിന്നു ആയിരക്കണക്കിന് ജനങ്ങൾ സന്നിഹിതരായിരുന്നു. അതിൽ അനഹ്മദി ബന്ധുക്കളും പങ്കെടുത്തിരുന്നു. 3 പെൺകുട്ടികളും മൂന്ന് ആൺകുട്ടികളുമാണുള്ളത്. അവരെല്ലാവരും വിവാഹിതരാണ്. അല്ലാഹു അവർക്ക് മഗ്ഫിറത്ത് നൽകുമാറാകട്ടെ,അവരുടെമേൽ കരുണ ചൊരിയുമാറാകട്ടെ,

അടുത്ത അനുസ്മരണം ഹലീമാ ബീഗം സാഹിബയുടേതാണ്. ഇവർ ശെയ്ഖ് അബ്ദുൽ ഖദീർ സാഹിബ് ദർവേശ് ഖാദിയാനിന്റെ സഹധർമ്മിണിയാണ്. കഴിഞ്ഞമാസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിച്ചിരുന്നു, വളരെ നന്ദിയുള്ള, ക്ഷമാശീലമുള്ള നല്ല സ്വഭാവവും നല്ല സംസ്കാരവുമുള്ള സ്ത്രീയായിരുന്നു, കുട്ടികളെ നമസ്കാരശീലവും വിശുദ്ധ ഖുർആൻ പാരായണ ശീലവുമുള്ളവരാക്കാൻ പരിശ്രമിച്ചിരുന്നു. ആരോഗ്യം അനുവദിച്ചിരുന്ന കാലത്തോളം ഖാദിയാനിൽ കുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. ഖിലാഫത്തിനോട് അതിരറ്റ സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ ഭാഗത്തുനിന്നു വരുന്ന എല്ലാ ആഹ്വാനങ്ങൾക്കും ലബ്ബയ്ക്ക് പറഞ്ഞിരുന്നു. ദർവേശീ കാലഘട്ടത്തിൽ വളരെ ക്ഷമയോടും നന്ദിയോടുംകൂടി അവർ കഴിച്ചുകൂട്ടി. വളരെ ദരിദ്രാവസ്ഥയിൽ ആയിരുന്നിട്ടുംകൂടി യാചകർ വന്നാൽ അവരെ വെറും കൈയോടെ മടക്കുമായിരുന്നില്ല. പരേതയുടെ വീട് ദാറുൽ മസീഹിന്റെ അടുത്തായിരുന്ന കാരണത്താൽ ജൽസ സലാനയുടെ ദിവസങ്ങളിൽ അതിഥികളെക്കൊണ്ട് നിറഞ്ഞിരുന്നു,

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin